Registered No. M-4485 Madras War Review, Malayalam—24-11-1944

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1944 നവെമ്പർ 24-ാംനു, വെള്ളിയാഴ്ച [ലക്കം 12

## ഞങ്ങൾക്ക് ആയുധങ്ങൾ തരുവിൻ!

### ലക്ഷ്യപ്രാപ്തിയ്ക്ക് വമ്പിച്ച ചെലവു ചെയ്തേതീരൂ



ഐസൻഹോവർ

**ജൂൺ** 6-ാം തിയ്യതിയ്ക്കു ശേഷമുള്ള സഖ്യശക്തികളുടെ വിജയം എന്നെന്നും പ്രസ്താവയോഗ്യമായ ഒന്നത്രെ. അവർ 1,000,000 ജർമ്മൻ ഭടന്മാരെ നശിപ്പിച്ചിരിക്കുന്നു.

**ഇടതടവില്ലാത്ത** അവരുടെ പുരോഗതിയിൽ, അവർ ഫ്രാൻസ്, ബൽജിയം, ലക്സംബർഗ്ഗ് ഈ ദേശങ്ങൾ സ്വതന്ത്രമാക്കി.

**ഈ** നേട്ടം സാധിച്ചതു്, ബോമ്പുകളും വെടിമരുന്നു് വമ്പിച്ച തുകയിൽ ഉപയോഗിക്കുക മൂലമാണു്.

**ഇപ്പോൾ,** ജർമ്മൻ കോട്ടകൾക്കു ചുററുമുള്ള കനത്ത കവചങ്ങളെ ഞങ്ങൾ പ്രഹരിച്ചുവരികയാണു്.

**ഇന്നു,** മുമ്പേത്തേക്കാളെല്ലാമധികം, ആയുധങ്ങൾ, ഞങ്ങൾക്കു് ആവശ്യമുണ്ടു്.

1944 നവെമ്പർ 20-ാം തിയ്യതി ജനറൽ ഐസൻഹോവർ ചെയ്ത ഒരു പ്രസ്താവനയിൽനിന്നു്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ഞങ്ങൾക്കു ആയുധങ്ങൾ തരുവിൻ .. .. | 1 | പ്രതികാരം .. .. .. .. | 8, 9 |
| ബമ്മരംഗത്തിലെ വിമാനസേന .. .. | 2 | വരുന്നുവോ ? .. .. .. | 9 |
| ഇന്ത്യ സന്നദ്ധമാകണം .. .. .. | 3 | മഞ്ചൂറിയ .. .. .. .. | 10 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 4–5, 9 | സമരകവി .. .. .. .. | 12 |
| യു. എൻ. ആർ. ആർ. എ. എന്നാലെന്താണ്? .. | 6–7 | | |


# ബമ്മരംഗത്തിൽ സഖ്യശക്തികളുടെ വിമാനബലം

## സർവ്വജനീനമായ ഉത്സാഹവും ഊർജ്ജസ്വലതയും

"ഞാൻ ഈയിടെ യുദ്ധമുന്നണിയിൽ ഒരു പര്യടനം നടത്തുകയുണ്ടായി. പൌരസ്ത്യരംഗത്തിലെ നമ്മുടെ ആകാശസേനയിലുള്ള എല്ലാവരെപ്പററിയും അതിയായ മതിപ്പും, വിശ്വാസവും കലർന്നാണ് ഞാൻ അവിടെ നിന്ന് മടങ്ങിയതു്.

എല്ലായിടത്തും, ഉത്സാഹവും, ഊർജ്ജസ്വലതയും, നമ്മെ അഭിമുഖീകരിക്കാൻ ഭയപ്പെടുന്ന ശത്രുവിനോടു ഒരു "കൈ" നോക്കണമെന്ന ആശയും കാൺമാനുണ്ടു്. ഈ മനോഭാവം ഇന്ത്യക്കാരും, അമേരിക്കക്കാരും, ബ്രിട്ടീഷുകാരുമായ എല്ലാവരിലും ദർശിക്കയുണ്ടായി. വീര്യപരാക്രമങ്ങൾ ഇവരിൽ സമൃദ്ധമായുണ്ടു്. ഇന്ന് നമുക്കു ആകാശത്തിൽ മേൽക്കിടയുണ്ടാക്കാൻ കഴിഞ്ഞ ആ സമരങ്ങളിൽ അതു പൂർണ്ണമായും അവർ പ്രത്യക്ഷപ്പെടുത്തുകയുമുണ്ടായി.

### ഇന്ത്യയിൽ വലിയ വിമാനത്താവളങ്ങൾ

ഇന്ത്യക്കു ചുററും പറക്കുന്ന ഒരാൾ ഇന്ത്യയിൽ രണ്ടരക്കൊല്ലത്തിനുള്ളിൽ നിർമ്മിക്കപ്പെട്ട നിരവധി വമ്പിച്ച വിമാനത്താവളങ്ങൾ ദർശിക്കുമ്പോൾ ഓർമ്മവരുന്നതു ഇതാണ്: ഇന്ത്യയിൽ കുറച്ചുകാലം മുമ്പ് ഇതൊന്നും ഉണ്ടായിരുന്നില്ല. ഇവ നിർമ്മിക്കുന്നതിനുള്ള പരിശ്രമങ്ങളുടെ ഗാംഭീര്യത്തെപ്പററി അവർ ആശ്ചര്യപ്പെടുകയും ചെയ്യും.

### ജാപ്പാൻകാർ തല വെളിയിൽ കാണിക്കുന്നില്ല

ഇതിനാൽ ഇന്നു ആക്രമണസൌകര്യങ്ങൾ നമ്മിലേക്കു കൈമാറിയിരിക്കുന്നു. ആകാശത്തിലെ ആധിപത്യം നമുക്കായ മുതലാണിതു് സംഭവിച്ചതു്. മഴക്കാലത്തും, മഴയില്ലാത്തകാലത്തും, എന്നും നാം ശത്രുവിൻെറ താവളങ്ങളെയും വാർത്താവിതരണസമ്പ്രദായങ്ങളെയും വേണ്ടവിധത്തിൽ ബോംബിട്ടു തകർത്തിയിട്ടുണ്ട്. ഇന്നു ശത്രു തലപുറമെകാണിക്കുന്നതിന്നു ധൈര്യപ്പെടുന്നില്ല. ഇടക്കിടക്ക് ഒരു താഴ്ന്നതരം വിമാനസേനയാൽ, ഒന്നു വന്നുനോക്കി ഓടിപ്പോവുകയൊഴികെ, ഫലവത്തായ ഒന്നും ചെയ്യാൻ ജാപ്പുകൾക്കു ഇന്നു സാധിക്കുന്നില്ല.

### ഇന്ത്യൻ വിമാനസേന

ഈ സഹോദരസംഘത്തിലെ ഇളയ സഹോദരനായ ഇന്ത്യൻ വിമാനശക്തിയോടു ഞാൻ വിശേഷമായ ഒരു കാര്യം പറയണമെന്നാശിക്കുന്നു: നിങ്ങൾ വളരുന്നതും, പോരാടുന്നതും ഞാൻ കണ്ടിട്ടുണ്ടു്; നിങ്ങൾ ഞങ്ങളുടെഎല്ലാംതന്നെ വിശ്വാസാദരവുകൾക്കു വിധേയരായിട്ടുണ്ട്.

ഇന്നത്തെ വിമാനസേനസ്ക്വാഡ്രൺസ് നാളെത്തെ ഇന്ത്യൻ വിമാനസേനയുടെ അസ്ഥിവാരമാണ്. ഇന്ത്യക്ക് അഭിമാനിക്കാവുന്ന വിധത്തിലുള്ള പാരമ്പര്യങ്ങളാണ് അവർ സൃഷ്ടിക്കുന്നതു്."

—ഏർ ചീഫ് മാർഷൽ സർ റിച്ചാഡ് പിയേർസി, സൌത്ത് ഈസ്റ്റ് ഏഷ്യാ രംഗത്തിലെ വിമാന വിഭാഗത്തോടു്, നവെമ്പർ 14-ാം തിയ്യതി ചെയ്ത പ്രക്ഷേപിണിപ്രസംഗത്തിൽനിന്ന്

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1944 നവെമ്പർ 24-ാംനു, വെള്ളിയാഴ്ച

## ഇന്ത്യ സന്നദ്ധമാകണം

ജർമ്മനിയെ സമീപിച്ചുകൊണ്ടു യൂറോപ്യൻ രംഗത്തിൽ ഭീമസമരങ്ങൾ തുടർന്നുവരുന്നു. യൂറോപ്പിലെ യുദ്ധത്തിന്റെ അവസാനദശ ആസന്നമായിത്തുടങ്ങി. ഈ അവസരത്തിൽ ജപ്പാന്നെതിരായി അത്രതന്നെ ഗൌരവത്തിലും വ്യാപ്തിയിലും സമാരംഭിച്ചുകഴിഞ്ഞ യുദ്ധത്തെപ്പററിയും കൂടുതലായി ശ്രദ്ധിക്കേണ്ടതാണ്. ജപ്പാന്നെതിരായ യുദ്ധം ദൃഢനിശ്ചിതരായ ജനസമൂഹങ്ങൾ ചെയ്യുന്ന ഒരു യുദ്ധമാണെന്നും, ആയിരിക്കുമെന്നും ഊന്നിപ്പറയേണ്ടതുണ്ട്. ഹിററ്ലരും ആയാളുടെ കൂട്ടാളികളും ഏതുവിധത്തിൽ ബ്രിട്ടൻ, റഷ്യ, അമേരിക്ക എന്നീ സഖ്യശക്തികൾക്കിടയിൽ തെററുധാരണകളും ഭിന്നിപ്പും ഉണ്ടാക്കാൻ ശ്രമിച്ചുവോ, അതേവിധത്തിൽ തന്നെ ജപ്പാനും പൌരസ്ത്യരംഗത്തിലുള്ള സഖ്യപക്ഷക്കാരുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങളുടെ വിത്തു വിതക്കാൻ പരിശ്രമിച്ചുനോക്കി. എന്നാൽ ശത്രുവിന്റെ ഈ കുതന്ത്രങ്ങളും സൂത്രങ്ങളും പാടെ വെളിച്ചത്താക്കിക്കഴിഞ്ഞു. സഖ്യശക്തികൾ ഈ ദുഷ്പ്രചാരത്തിന്റെ വലയിൽ കുടുങ്ങുന്നതിന്നു ഒരിക്കലും തയ്യാറല്ല. സ്റ്റിൽവെൽ സംഗതി ഇമ്മാതിരിയൊന്നാണ്; പക്ഷെ ജപ്പാനെ സംബന്ധിച്ചേടത്തോളം നേരെ എതിരായ ഒരു ഫലമാണ് ഇതുമൂലം ഉണ്ടായതു്. ഈ സംഗതി മൂലം "മറക്കപ്പെട്ട യുദ്ധരംഗത്തിലേക്കു" ആളുകളുടെ ശ്രദ്ധയെ ആകൎഷിക്കപ്പെട്ടുവെന്നു മാത്രമല്ല, ഇന്നത്തെ നേതൃത്വത്തെ ഒന്നു മാററി ബൎമ്മ-ചീനാ യുദ്ധരംഗത്തിലെ സമരങ്ങൾ കൂടുതൽ ഊൎജ്ജസ്വലമാക്കേണ്ടതാണെന്നു സഖ്യസേനകൾക്കു ബോദ്ധ്യമാവുകയും ചെയ്തു. ജപ്പാൻ ആഗ്രഹിച്ചതു ഇതല്ലായിരുന്നു. ബൎമ്മയിലും, മററിടങ്ങളിലും, തങ്ങളെ അത്രമേൽ ഞെരുക്കി ശ്വാസംമുട്ടിച്ചുവരുന്ന ആ ആക്രമണ സംരംഭത്തിന്നു ക്ഷീണംതട്ടുകയും അയവുവരികയും വേണമെന്നായിരുന്നു ജപ്പാന്റെ ആശ. എന്നാൽ നാം ഇന്നു കണ്ടുവരുന്നതെന്താണ്? പുതിയ പുതിയ വിജയങ്ങൾ. ഇപ്പോൾ സഖ്യപക്ഷീയവൈമാനികന്മാർ മദ്ധ്യബൎമ്മയിലെ മൈതാനങ്ങളിലേക്കു പ്രവേശിച്ചുവരുന്നു. ടിഡിം, ഫോർട്ട്‌വൈററ്, കെന്നഡിപീക്ക്, കലേമിയോ, മാവ്‌ലേക്ക്, ഭാമോ തുടങ്ങിയ സ്ഥലങ്ങൾ ജപ്പാന്നു നഷ്ടപ്പെട്ടു. ജപ്പാനും വിഴുങ്ങാൻ വിഷമമേറിയ വിധത്തിൽ അത്ര കയ്ച്ച ഗുളികളാണിതു്; അതേ, മറുമരുന്നില്ലാത്ത വിഷം.

### ബൎമ്മയിലെ പടിഞ്ഞാറൻ ഭിത്തി ഭേദിക്കൽ

ടിഡിം ഇതിന്നു മുമ്പു വളരെയൊന്നും അറിയപ്പെടാത്ത ഒരു ഗ്രാമമാണ്. എന്നാൽ ജപ്പാന്റെ, ബൎമ്മയെ സംബന്ധിച്ച യുദ്ധതന്ത്രം മുഴുവനും ഈ ഗ്രാമത്തെ ആസ്പദിച്ചാണ് നിന്നിരുന്നതു്. പടിഞ്ഞാറൻ ബൎമ്മയിലെ പൎവ്വതനിരകളിൽ പ്രവേശിച്ചതോടുകൂടി, നൈസൎഗ്ഗികമായ ആ കോട്ടച്ചുവരുകൾ ഭേദിക്കപ്പെട്ടിരിക്കുന്നു.

കാടുകളിലെ ഈ പ്രകൃതിനിൎമ്മിതമായ തടസ്ഥങ്ങളും, വ്യാധിയും മൂലം, ഈ 'ഭിത്തി' സഞ്ചാരസൌകൎയ്യമില്ലാതെയും, വാഹനഗതാഗതത്തിന്നു വിഷമമായും കിടന്നിരുന്നു. യൂറോപ്പിൽ ശത്രുക്കൾ നിൎമ്മിച്ച പ്രതിരോധവ്യവസ്ഥകൾപോലെത്തന്നെയായിരുന്നു ഈ പൎവ്വത പ്രാന്തങ്ങളും.

ആദ്യകാലങ്ങളിൽ, സേനയുടെ പുരോഗതി മന്ദഗതിയിലായിരുന്നുവെങ്കിൽ, അതിന്നുള്ള കാരണം എന്തായിരുന്നുവെന്നു നമുക്കിപ്പോൾ മനസ്സിലാക്കാം. നെപ്പോളിയൻ പണ്ടൊരിക്കൽ പറഞ്ഞമാതിരി ഒരു സേനയുടെ വിജയം അവരുടെ ഉദരപൂരണത്തെ സംബന്ധിച്ചു മാത്രമല്ല നില്ക്കുന്നതു്. പ്രത്യേകിച്ചും ഇക്കാലങ്ങളിൽ പട്ടാളത്തിന്റെ മുന്നോട്ടുള്ള ഗതിയെ നിൎണ്ണയിക്കുന്നതു് സാമാനങ്ങളേയും സേനകളേയും വഹിച്ചു പോവുന്ന വാഹനങ്ങളത്രേ. എത്ര വേഗതയിൽ ഈ വാഹനങ്ങൾക്കു പോകാമോ, അത്ര വേഗതയിൽ പട്ടാളത്തിന്നും പോകാൻ കഴിയും. യൂറോപ്പിലും ആക്രമണത്തെ കുറച്ചിട താമസിപ്പിച്ചതു സപ്ലൈകൾ വരാസ്സുമൂലമാണ്. ആൻറ്‌വെർപ്പിലേക്കുള്ള പാത ശരിപ്പെടുത്തിയതോടുകൂടി, ജൎമ്മനിയുടെ നേൎക്കുള്ള യുദ്ധത്തിന്നു വേഗതകൂടി. ബൎമ്മയിലും ഇതേപോലെത്തന്നെയാണ്. നമ്മുടെ വാൎത്താവിതരണവ്യവസ്ഥകളും സപ്ലൈ ഏൎപ്പാടുകളും ദൃഢമായ രീതിയിൽ ശരിപ്പെടുത്തിയതിന്നു ശേഷം—അതു ആകാശമാൎഗ്ഗമായി—മാത്രമെ നമ്മുടെ സേനക്കു വേണ്ട വിധത്തിൽ പുരോഗമിക്കുന്നതിന്നു സാദ്ധ്യമായുള്ളു.

കലേമിയോ കയ്യിലാക്കിയതിലെ ഒരു വിശേഷം ആദ്യമായി ആ സ്ഥലത്തു പ്രവേശിച്ച കിഴക്കൻ ആഫ്രിക്കക്കാൎക്കു നല്കിയ ആദരവും ബഹുമതിയുമാണ്. കിഴക്കെ ആഫ്രിക്കക്കാരും, പടിഞ്ഞാറെ ആഫ്രിക്കക്കാരും, എന്നുമാത്രമല്ല മനുഷ്യസമുദായത്തിലുൾപ്പെട്ട എല്ലാ ജനസമൂഹങ്ങളും ബൎമ്മ സമരത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇന്ത്യക്കാർ, ചൈനക്കാർ, അമേരിക്കക്കാർ, ബ്രിട്ടീഷുകാർ, അസ്ട്രേല്യക്കാർ, ബൎമ്മയിലെ ദേശാഭിമാനികൾ, ഇങ്ങിനെ എല്ലാ ഭൂഖണ്ഡങ്ങളിൽനിന്നും ജനങ്ങൾ ഇവിടെ യുദ്ധം ചെയ്യുന്നതിന്നു സന്നദ്ധമായിരിക്കുന്നു. ജപ്പാനിലെ ഇപ്പോഴത്തെ തലമുറ അനുമാനിക്കക്കൂടിച്ചെയ്യാത്ത അത്ര സവിശേഷവും യാഥാൎത്ഥ്യവുമായ മൈത്രീഭാവത്തിന്റെയും ഐക്യത്തിന്റെയും ഒരു പ്രത്യക്ഷോദാഹരണമാണ് ഇതു്.

നവെമ്പർ 16-ാംനു ചൎച്ചിൽ പാൎല്ലിമെണ്ടിൽ പ്രസ്താവിക്കുകയുണ്ടായി ബ്രിട്ടനിലെ ഏററവും സജീവങ്ങളായ അഭ്യന്തര കാൎയ്യങ്ങൾ നിമിത്തമായുംകൂടെ ജപ്പാനെ പരാജയപ്പെടുത്തുക എന്ന ലക്ഷ്യത്തിന്നു പ്രതിബന്ധങ്ങൾ വരാൻ അനുവദിക്കുകയില്ലെന്ന്. കഴിഞ്ഞ അഞ്ചു വൎഷങ്ങളോളമായുള്ള യുദ്ധത്തിന്നു ശേഷം അല്പം വിശ്രമിക്കണമെന്നു ബ്രിട്ടൻ വിചാരിക്കുന്നുവെങ്കിൽ, ജപ്പാന്നെതിരായി ഏഴു കൊല്ലത്തോളം ഇടവിടാതെ യുദ്ധം ചെയ്ത ചൈനയുടെ നിലയോ? ഈ വെളിച്ചത്തിലൂടെ വേണം, ജനറാലിസ്സിമോ ചിയാങ് കൈഷേക്കിന്റെ വരുതിയിലുള്ള സാമഗ്രികളെയും, യുദ്ധം തുടരുന്നതിന്നുള്ള അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തേയും നോക്കിക്കാണുവാൻ. ഫ്രാൻസിന്റെ വിമോചനത്തിന്നു മുമ്പു ഡിഗാളിന്റെ സ്ഥിതിയെന്തായിരുന്നുവോ, അതിലും വ്യാപ്തിയേറിയ ഒരു നിലയാണ് ചിയാങ്ങിന്റെതു്.

### ഇന്ത്യയും ജപ്പാന്നെതിരായ യുദ്ധവും

ചൈന, ഫ്രാൻസ്, ബ്രിട്ടൻ ഈ രാജ്യങ്ങൾക്കു യുദ്ധത്തിലുണ്ടായിട്ടുള്ള പരിചയവും, അനുഭവങ്ങളും ഇന്ത്യക്കു ലഭിച്ചിട്ടില്ല. എന്നാൽകൂടി ഇന്ത്യക്കു ഏററവും പ്രധാനമായ ഒരു പങ്ക് ഈ യുദ്ധത്തിൽ നിൎവ്വഹിക്കേണ്ടിവരും. ജപ്പാനെ പരാജയപ്പെടുത്തുന്നതിന്നുള്ള സമരങ്ങൾ കൂടുതൽ തീക്ഷ്ണവും, തീവ്രവുമാവുമ്പോൾ, ഇന്ത്യക്കു അധികമധികം ത്യാഗങ്ങളും, കടുത്ത കൃത്യങ്ങളും സ്വമേധയാ ചെയ്യേണ്ടിവരുമെന്നതു് തീൎച്ചയാണ്.

ഏതൊരു ബുദ്ധിമാനായ ഇന്ത്യൻ പൌരന്റെയും മനസ്സിൽ സർ സുൽത്താൻ അഹമ്മദിന്റെ വാക്കുകൾ പതിയേണ്ടതാണ്: "നാം തയ്യാറാവണം" അദ്ദേഹം പ്രസ്താവിച്ചു, "യൂറോപ്യൻ യുദ്ധം അവസാനിച്ച ഉടൻതന്നെ ഏഷ്യയിലെ രംഗത്തിലേക്കു വേണ്ടിവരുന്ന പട്ടാളത്തേയും സാമഗ്രികളേയും ശേഖരിക്കുന്നതിന്ന്. പാസഫിക്കിൽ ഉണ്ടാവുന്ന സഖ്യസേനകളുടെ സമരത്തിന്നുള്ള താവളം ഇന്ത്യയായിരിക്കും. ഇന്ത്യ ഈ കൃത്യം നിൎവ്വഹിക്കുന്നതിൽ പരാജയപ്പെടുകയുമില്ല.

വരുന്ന വൎഷത്തോടുള്ള നമ്മുടെ മനോഭാവം അഭിമാനവും ദൃഢനിശ്ചയവും നിറഞ്ഞതായിരിക്കണം—അതേ, നമ്മുടെ കൎത്തവ്യമായ ഈ യുദ്ധത്തിന്നുവേണ്ട മഹനീയ സംഭാവനകൾ ചെയ്യുന്നതിലുള്ള അഭിമാനവും, വേണ്ടത്ര ത്യാഗങ്ങൾ ചെയ്യുന്നതിന്നുള്ള ദൃഢനിശ്ചയവും."

"നമ്മുടെ മേൽ ചുമത്തിവെക്കപ്പെട്ട ഒരു കടമമാത്രമല്ല ഇതു" അദ്ദേഹം തുടർന്നു, "ഇന്ത്യയുടെ അവകാശമാണ്. യുദ്ധാനന്തരമുള്ള ഏഷ്യയിൽ ഒരു പ്രധാന സ്ഥാനം ഇന്ത്യക്കു വേണമെന്ന് ആവശ്യപ്പെടുന്നപോലെത്തന്നെ ഏഷ്യയുടെ വിമോചനത്തിന്നുവേണ്ടിയുള്ള യുദ്ധത്തിൽ ഒരു വലിയ പങ്കു നിൎവ്വഹിക്കുക എന്നതു്."

സർ സുൽത്താൻ അഹമ്മദ് പറഞ്ഞതു തികച്ചും ശരിയാണ്. യൂറോപ്പിലെ യുദ്ധം ആറു മാസത്തിന്നുള്ളിൽ അഥവാ അതിന്നു മുമ്പുതന്നെ അവസാനിക്കുമെന്നും തന്മൂലം നമുക്കു ആശ്വാസനിശ്വാസം വിടുക മാത്രമേ വേണ്ടുവെന്നും കരുതുന്നതു് വിഡ്ഢിത്തമാണ്. ജാപ്പാനിപ്പോഴും ഉണ്ട്—ഏഷ്യാററിക്ക് ജീവിതത്തെ നശിപ്പിക്കുന്നതിന്നും, സഖ്യസേനകളുടെ പ്രഹരത്താൽ ഒതുങ്ങിനിൽക്കുന്നുവെങ്കിലും, കഴിയുന്നേടത്തെല്ലാം ചെറുത്തു നിന്നുകൊണ്ടും, അന്ത്യപരാജയത്തെ അഭിമുഖീകരിച്ചുകൊണ്ടും ക്രുദ്ധനായി നിൽക്കുന്ന ജപ്പാൻ!

ജപ്പാനും നമ്മളുമായുള്ള ഇടപാടുകൾ ഉടനടി തീൎക്കേണ്ടിയിരിക്കുന്നു. അതേവരെ സുഖമോ, സമാധാനമൊ, രക്ഷയൊ, പുരോഗമനോ ഉണ്ടാവുകയില്ല. ഈ സംഗതി സകലൎക്കും ബോദ്ധ്യമായിരിക്കുന്നുവെന്നതിന്നു സംശയമില്ല. ഇന്ത്യയിലെ ജനങ്ങൾ സർ സുൽത്താൻ അഹമ്മദിന്റെ ഉപദേശം കൈക്കൊള്ളുന്നതായിരിക്കും.

## ആഴ്ചക്കുറിപ്പുകൾ

### ആസ്ത്രേലിയ തയ്യാറായി

ജപ്പാനെതിരായ യുദ്ധത്തിൽ തന്റെ പങ്ക് നിർവ്വഹിക്കുന്നതിന്ന് ആസ്ത്രേലിയ തയ്യാറായിക്കഴിഞ്ഞു. കാൻബെറയിൽനിന്നുള്ള ഒരു വാർത്താശകലത്തിൽ, ആസ്ത്രേല്യൻ കടലോരത്തിൽ ചുററുമായി 10,000 പടക്കപ്പലുകൾ ഉണ്ടെന്ന പ്രസ്താവിക്കുന്നു. ഈ കപ്പലുകളിൽ യുദ്ധത്തിന്നുപയോഗപ്രദമായ 15 തരം കപ്പലുകൾ ഉണ്ട്. പടയിറക്കത്തിന്നുള്ള പ്രത്യേക വൈദഗ്ദ്ധ്യത്തോടുകൂടിയതാണത്രെ ഈ നാവികസേന. ആസ്ത്രേലിയയിൽനിന്ന ചില വക്താക്കൾ ജപ്പാനെതിരായിട്ടുള്ള സമരത്തിൽ ആസ്ത്രേലിയ ഒരു നല്ല പങ്ക് ചേരണമെന്നാശിക്കുന്നുവെന്ന പ്രഖ്യാപിക്കയുണ്ടായി. ഇവയെല്ലാം കുറിക്കുന്നത് ഒരു പടയിറക്കത്തിന്നുള്ള സാമഗ്രികളും സേനകളും സർവ്വപ്രകാരത്തിലും സജ്ജീകൃതമാകുന്നുണ്ടെന്നാണ്. തെക്കുപടിഞ്ഞാറൻ പാസഫിക്ക് രംഗത്തിലെ കരസൈന്യാധിപൻ ജനറൽ സർ തോമസ്സ് ബ്ലേമി ഈയിടെ ഇങ്ങിനെ പ്രസ്താവിച്ചു: "മലയ ആസ്ത്രേല്യക്കാരുടെ മനസ്സിലുണ്ട്. അവരുടെ ശ്രദ്ധ ഇതിലും കൂടുതലായി ആ രാജ്യത്തേക്കു പതിപ്പിക്കപ്പെടുന്നതിന്ന അധികതാമസം ഇല്ല." ന്യൂഗിനിയക്കടുത്തുള്ള മാപ്പിയ ദ്വീപു സഖ്യസേനകൾ പിടിച്ചിരിക്കുന്നു. ഈ പുതിയ വിജയം ഒരു വലിയ വിജയത്തിന്ന അടിസ്ഥാനമിടുകയാണ്. സാരവാക്ക് രാജ്യത്തിൽപെട്ട ബ്രൂണിയിൽവെച്ച് സഖ്യസേനകളുടെ വിമാനങ്ങൾ ശത്രുവിന്റെ യുദ്ധക്കപ്പലുകളെയും, ക്രൂയിസറുകളേയും എതൃത്തു. ഫിലിപ്പൈനിൽനിന്ന പരാജിതമായി മടങ്ങിയ ശത്രുവിന്റെ നാവികസേനയിലെ അവശിഷ്ടങ്ങളാണ് ഈ കപ്പലുകൾ.

### ചൈനയിലേക്കു എണ്ണക്കുഴലുകൾ

കൽക്കത്തയിൽനിന്ന ചൈനയിലേക്കു, അതായത്, 1,800 നാഴിക ദൂരത്തോളം വരുന്ന ഒരു സ്ഥലത്തേക്ക് കുഴൽവഴി പെട്രോൾ കൊണ്ടുപോകാനുള്ള സംരംഭങ്ങൾ ചെയ്തുവരുന്നുണ്ടെന്നു കേൾക്കുമ്പോൾ, ആരും പെട്ടെന്ന വിശ്വസിച്ചുവെന്ന വരികയില്ല. എന്നാൽ 800 നാഴികയോളം കുഴലുകൾ ഇട്ടുകഴിഞ്ഞു. ഇന്ന അടിയന്തരാവശ്യമായ ഒരു സംഗതിയാണിത്. ചൈനയിലുള്ള സഖ്യ ശക്തികളുടെ വിമാനത്താവളങ്ങളിലേക്കു പെട്രോൾ വളരെ അത്യാവശ്യമാണ്. അതിന്നുള്ള എളുപ്പമാർഗ്ഗം ഇതാണുതാനും. ജപ്പാനെ തകർത്തുന്നതിന്നുള്ള ശക്തി വർദ്ധിപ്പിക്കുവാനും ഇതുമൂലം സാദ്ധ്യമാകും. എന്നാൽ ഈ സംരംഭത്തിന്റെ വ്യാപ്തി അതിശയകരമാണെന്നതിന്ന സംശയമില്ല. ഇന്ത്യയിലാണ ഇതെങ്കിൽ, ഡൽഹിയിൽനിന്ന കന്യാകുമാരിവരെയുള്ള ദൂരമുണ്ടാവും. അതുമല്ല, ഹിമാലയപർവ്വതത്തിന്റെ താഴ്ന്ന ഭാഗങ്ങളിലൂടെ 'ചാടിക്കടന്നിട്ട്' വേണം ഈ കുഴലുകൾ ചൈനയിൽ എത്തേണമെങ്കിൽ. യുദ്ധം ജീവിതത്തിന്റെ ശാസ്ത്രീയവശത്തെ വികസിപ്പിക്കുന്നതെങ്ങിനെയാണെന്നതിന്റെ ഒരു ഉദാഹരണമാണ് ഇത്. പ്രകൃതിയെ ആക്രമിച്ചു

## ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക







കൊണ്ടുള്ള ഇത്തരം സാഹസികമായ നേട്ടങ്ങളെപ്പററി കേൾക്കുമ്പോൾ, നമ്മൾ വിസ്മയിക്കുന്നു. ഏതായാലും ഇങ്ങിനെയുള്ള നേട്ടങ്ങൾ സാധിക്കുന്നതിന്നായിട്ടുംകൂടി, മേലിൽ യുദ്ധമില്ലാതിരിക്കട്ടെ.

### ജപ്പാന്റെ ഉദ്ദേശങ്ങൾ തകർന്നുപോയി

ചൈനയിലേക്കു ഇന്ന എല്ലാവരുടേയും ശ്രദ്ധ ആകർഷിക്കപ്പെട്ടിരിക്കുന്നു. ഇതെത്രയും അവശ്യവും ഉചിതവുമാണ്. കാരണം സഖ്യശക്തികൾക്കു ആവുന്ന സർവ്വവിധസഹായസഹകരണങ്ങളും ചൈന ഇന്ന അർഹിക്കുന്നുണ്ട്. ചൈനക്കു മനുഷ്യസിദ്ധമായ സകല സഹായങ്ങളും നൽകുന്നതിന്ന് സന്നദ്ധമാകേണ്ടതാണ്. ഈയിടെ ഒരു സന്ദേശത്തിൽ ചിയാങ്ങ്കൈക്ഷേക്ക് പ്രസ്താവിച്ചു, എന്തിനും മുമ്പായി ജപ്പാനെതിരായ യുദ്ധം നടത്തണമെന്ന്. അദ്ദേഹം മന്ത്രിസഭയിൽ ചില മാററങ്ങൾ വരുത്തിയിരിക്കുന്നു. ജപ്പാന്റെ ഉദ്ദേശങ്ങളെല്ലാം, അതായത്, സഖ്യപക്ഷത്തിന്നിടയിൽ ഭിന്നിപ്പുണ്ടാക്കണമെന്ന ഉദ്ദേശങ്ങൾ തികച്ചും പരാജയപ്പെട്ടു. പിടിച്ചടക്കിയ രാജ്യങ്ങളിൽനിന്ന് ജപ്പാന്ന സാമാനങ്ങൾ കൊണ്ടുപോകുന്നതിന്നും ഇപ്പോൾ വിഷമം നേരിട്ടുതുടങ്ങി. സഖ്യശക്തികളുടെ വിമാനശക്തി വർദ്ധിച്ചതോടുകൂടെ ഗംഭീരമായ ബോമ്പാക്രമണങ്ങൾ അടിക്കടി സംഭവിച്ചുകൊണ്ടിരിക്കുന്നു.

### ഏർ ചീഫ് മാർഷൽ ലീ മല്ലോറി

തെക്കു കിഴക്കൻ ഏഷ്യാ യുദ്ധരംഗത്തിലെ വിമാനസൈന്യത്തിന്റെ അധിപസ്ഥാനം ഏറെറടുക്കുന്നതിന്നായി നവെമ്പർ 14-ാം തിയ്യതി ബ്രിട്ടനിൽനിന്ന പുറപ്പെട്ട ഏർ ചീഫ് മാർഷൽ മല്ലോറിയെ കാൺമാനില്ലാതായിരിക്കുന്നുവെന്ന ദയനീയവാർത്ത ഈയിടെ പ്രസിദ്ധമായിരിക്കുന്നു. അദ്ദേഹത്തിന്റെ ഭാര്യയും ഒന്നിച്ചുണ്ടായിരുന്നു. ഈ യുദ്ധത്തിലെ വിശിഷ്ടനായ ഒരു വിദഗ്ദ്ധനായിരുന്നു ലീ മല്ലോറി. നോർമ്മണ്ടിയിലെ പടയിറക്കത്തിന്നുവേണ്ട ആകാശമാർഗ്ഗമായ സർവ്വ സംരംഭങ്ങളും ഇദ്ദേഹത്തിന്റെ വിദഗ്ദ്ധ നേതൃത്വത്തിലായിരുന്നു. ടെഹറാൻ സമ്മേളനത്തിന്നുശേഷമാണ് ഇദ്ദേഹത്തെ ജനറൽ ഐസൻഹോവറുടെ കീഴിൽ വിമാനസൈന്യാധിപനായി നിയമിക്കപ്പെട്ടത്. അങ്ങിനെയുള്ള പഴക്കവും, തഴക്കവും നേടിയ ഒരു വിദഗ്ദ്ധനായ വിമാനസേനാനായകനെ തെക്കുകിഴക്കൻ ഏഷ്യായുദ്ധരംഗത്തിലേക്ക് നിയോഗിക്കപ്പെട്ടത്, ഈ രംഗത്തിന്റെ പ്രാമുഖ്യതയുടെ ഒരു തെളിവാണ്. എന്നുതന്നേയല്ല, ഈ രംഗം കൂടുതൽ വിസ്തൃതമായ ഒന്നാണ്; തന്നിമിത്തം വൈമാനികപ്രവർത്തനങ്ങളെ സംബന്ധിച്ചേടത്തോളം അതു യൂറോപ്യൻരംഗത്തേക്കാൾ പ്രധാനവുമാണ്.

മി. ലീ മല്ലോറിയുടെ സഹോദരനും പണ്ട് ഇങ്ങിനെ ഒരു ദയനീയ മൃത്യുവിന്ന വിധേയനായി. എവറസ്റ്റ് കൊടുമുടി കയറുന്നതിന്ന ഉദ്യമിച്ച അദ്ദേഹത്തേയും കാണാതെയായി. ഏതായാലും ഏർ ചീഫ് മല്ലോറിയുടെ മൃത്യുവിനെസ്സംബന്ധിച്ച് വിശദമായി അറിയുന്നതുവരെയും ആശയ്ക്കവകാശമുണ്ട്. യുദ്ധകാലത്തും, സമാധാനവേളയിലും ധൈര്യപൂർവ്വം നേരിടേണ്ട ചില സംഭവങ്ങളാണ് ഇവ. മി. മല്ലോറിയെ സ്മരിക്കുന്നതിന്നുള്ള ഉത്തമമാർഗ്ഗം അദ്ദേഹം ഏതിന്നായി ഉദ്യമിച്ചുവോ ആ ഉദ്ദേശം നിറവേററുകയാണ്. അദ്ദേഹത്തിന്റെ നൈപുണ്യമേറിയ ഉപദേശങ്ങൾക്ക് കീഴിലാണ് നാം അതു ചെയ്യുന്നത് എന്ന ബോദ്ധ്യത്തോടെയും ഉൽജ്ജ്വലതയോടെയും അതിന്നായി ശ്രമിക്കുക.

### ജർമ്മനിയെ നോക്കി സഖ്യസേനകൾ

സൈനികതന്ത്രജ്ഞന്മാർക്കും ഭൂമിശാസ്ത്രകാരന്മാർക്കും മാത്രമേ പടിഞ്ഞാറൻയൂറോപ്പിലെ യുദ്ധത്തിന്റെ ത്വരിതഗതിയെപ്പററി തികച്ചും ഒരൊററ നോട്ടത്തിൽ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. നോർത്ത്കടൽ മുതൽ സ്വിസ്സ് അതിർത്തികൾവരെയും ജർമ്മനിയോടു തൊട്ടുകൊണ്ടാണ സഖ്യസേനകൾ യുദ്ധം ചെയ്യുന്നത്. യുദ്ധത്തിൽ, എത്ര നിസ്സാരവും ചെറുതുമായാലും ശരി, ഏതു സ്ഥലവും പ്രധാന്യമേറിയതാണ്. തന്മൂലം ഭൂമിശാസ്ത്രപരമായ പരിഗണനങ്ങൾക്കു ഇവിടെ അത്രമാത്രം പ്രസക്തിയില്ല. കുറച്ച് ആലോചിച്ചുനോക്കിയാൽ ഏതൊരു എളിയ വായനക്കാരനും പശ്ചിമരംഗത്തിലെ യുദ്ധസ്ഥിതിയെപ്പററി മനസ്സിലാക്കാവുന്നതാണ്. വടക്കൻ കടൽ—ഹോളണ്ട് രംഗം മുതൽ വാൻ നദിവരേയും ഒന്നാം കനേഡിയൻ വിഭാഗം അവരുടെ നില ഉറപ്പിച്ചുവരുന്നു. കൂടുതൽ കിഴക്കായി നിജ്മെഗൻ മുതൽ വെൻലോ വരെയും രണ്ടാം ബ്രിട്ടീഷു സേന പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വെൻലോവിന്റെ തെക്കു, ഈ സേനയും 9-ാം അമേരിക്കൻസേനയുമായി യോജിച്ചുകഴിഞ്ഞു. അമേരിക്കൻസേനയിലെ ഒരു വിഭാഗം ജർമ്മനിക്കുള്ളിൽ ആക്കനിലാണ്. ഈ സേനയുമായി ഇണക്കപ്പെട്ട മറെറാരു സേനാവിഭാഗം, സ്റ്റോൾബർഗിൽനിന്ന ഡുറനിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന ഒന്നാം അമേരിക്കൻ സേനയാണ്. ബൽജിയം മുതൽ ലക്സംബർഗ് വരേയുള്ള ജർമ്മൻ അതൃത്തികളിൽ ഒന്നാം അമേരിക്കൻ സേനയുണ്ട്. ജർമ്മനി, ഫ്രാൻസ്, ലക്സംബർഗ് എന്നീ രാജ്യങ്ങളുടെ അതൃത്തികൾ കൂട്ടിമുട്ടുന്ന മുനയിൽ വേറൊരു സേനയും കൂടിയുണ്ട്, 3-ാം അമേരിക്കൻ സേനാ—ഈ സേനയാണ് മെട്സിന്നു ചുററിലുമുള്ള ശത്രുനിരോധങ്ങളെ തകർത്തു, ജർമ്മനിക്കുള്ളിൽ പ്രവേശിച്ച് മോസ്സല്ലേ താഴ്വരയിലൂടെ റൈൻ നദിയെ ലാക്കാക്കി ഗമിക്കുന്നത്. വീണ്ടും കിഴക്കായി വോഗസ് കുന്നിൻനിരകളിലെ വഴുതുന്ന മാർഗ്ഗങ്ങളിലൂടെ ഏഴാംഅമേരിക്കൻ സേന ജർമ്മൻകാരെ പിൻതുടർന്നുവരുന്നു. ഇതിന്നൊക്കെപ്പുറമെ ഫ്രാൻസിന്റെ ഒന്നാം സേനയും ഉണ്ട്. ഈ പടയാണ് റൈനിന്നടുത്ത് എത്തിയ ആദ്യസേന എന്നതു പ്രസ്താവയോഗ്യമാണ്. ഈ പ്രദേശത്തു റൈൻ ജർമ്മനിയുടെ അതൃത്തിയാണ്. ഒരു ഭാഗത്തു ഫ്രഞ്ച് അലാസ്സ്, അങ്ങേക്കരയിൽ ബോഡൻ എന്ന ജർമ്മൻ സംസ്ഥാനവും. ജർമ്മനിയുടെപടിഞ്ഞാറേ അതൃത്തി ഏതാനും 400 നാഴികയോളം വിസ്താരമുള്ളതാണ്. നാസികളുടെ നിരോധ പരിശ്രമങ്ങൾ എത്രമാത്രം കനത്തതാണെന്ന കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

### ഹിററ്ലരുടെ നിശബ്ദത

ഫ്രാൻസ് ഉയിർത്തെഴുന്നേററു. അതും അത്ഭുതാവഹമായ ഉണർവ്വോടും ഊർജ്ജസ്വലതയോടും കൂടെയാണ് ഈ പുനരുജ്ജീവനം. അമ്പതു വർഷത്തോളം ഫ്രാൻസിനെപ്പററി പരിചയമുള്ള വിക്കാം സ്റ്റീഡ് പറയുന്നു, ഇത്രയധികം ആത്മാർത്ഥവും, സൌഹാർദ്ദപരവുമായ ഒരു സുദിനം അദ്ദേഹം ഫ്രാൻസിൽ ദർശിച്ചിട്ടേയില്ലെന്ന്. മി. ചർച്ചിലും, ഏഡനും ഫ്രാൻസിന്റെ തലസ്ഥാനനഗരം സന്ദർശിച്ച അവസരത്തിൽ പാരീസുകാർ നൽകിയ സ്വാഗതവും സ്വീകാരവും അത്രമാത്രം മഹത്തരമായിരുന്നു. നാലു കൊല്ലത്തെ സ്വേച്ഛാ പ്രമത്തതയുടേയും, ദുർഭരണത്തിന്റെയും ചിതാഭസ്മത്തിൽനിന്ന ഉയിരത്തെഴുന്നേററ ഫ്രാൻസിന്റെ ചരിത്രം വിസ്മയാവഹമാണെന്ന പറഞ്ഞേ തീരൂ. ഇങ്ങിനെയുള്ള ജനകീയോത്സവവേളയിലാണ്, ഗോബൽസ് ഉൽഘോഷിക്കുന്നത്, പാരീസിലേയും ലണ്ടനിലേയും ജനങ്ങൾ പറക്കുന്ന ബോമ്പുകളെപ്പേടിച്ചു മടകൾക്കുള്ളിൽ ഒളിഞ്ഞിരിക്കുകയാണെന്ന്! അല്ലാ, ഇപ്പോൾ ഹിററ്ലർ എവിടെയാണ്.

(ശേഷം 9-ാം പേജിൽ)

# യു. എൻ. ആർ. ആർ. എ. എന്നാൽ എന്താണ്?

യുദ്ധംമൂലം മനുഷ്യസമുദായത്തിന്ന പററുന്ന പരുക്ക കുറച്ചൊന്നുമല്ല. മനുഷ്യർ നിരവധി മരിക്കുന്നു; നഗരങ്ങൾ നശിക്കുന്നു; ഗതാഗതങ്ങൾക്കു തടസ്ഥമുണ്ടാവുന്നു; വ്യാധികളും ക്ഷാമവും വർദ്ധിക്കുന്നു; അങ്ങിനെ ഏതൊരു ദേശത്തിലേയും സാധാരണ ജീവിതരീതിയും സാമ്പത്തികവും സാമൂഹ്യവുമായ ഘടനയും ചിന്നിച്ചിതറുന്നു. ഒരു യുദ്ധകാലത്തു ജീവിച്ചുവരുന്ന നമ്മൾക്കു കൂടുതൽ വിസ്തരിയ്ക്കാതെതന്നെ യുദ്ധത്തിൻെറ പരിണതഫലങ്ങളെപ്പററി ആലോചിക്കാൻ കഴിയും. ഈ യുദ്ധത്തിൽ, യുദ്ധഗതിയെ ആശ്രയിക്കാത്ത ഒരു രാജ്യവുമില്ല: അതായതു, യുദ്ധത്തിൻെറ ഭവിഷ്യൽഫലങ്ങൾ ബാധിക്കാത്ത ഒരു മുക്കും മൂലയും ഈ ഭൂഗോളത്തിലില്ല തന്നെ. ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, ഒരു ചേരിയിലല്ലെങ്കിൽ വേറൊരു ചേരിയിൽ ഇന്ന ഭൂഗോളമാസകലമുള്ള ജനങ്ങൾ യുദ്ധവ്യാപൃതരായിട്ടുണ്ടു്; മനുഷ്യജനത മുഴവനും തന്നെ ചരിത്രം നിർമ്മിക്കുന്ന ഈ പോരിൽ പങ്കെടുത്തു വരുന്നുണ്ടു്. 'നിഷ്പക്ഷത'യ്ക്കു ഇവിടെ സ്ഥാനമില്ല; ഏതെങ്കിലും ഒരു രാഷ്ട്രമോ, മനുഷ്യനോ നിഷ്പക്ഷത പരിപാലിക്കുന്നുവെന്നു പറയുന്നുണ്ടെങ്കിൽ, ഒന്നുകിൽ അതു ഭീരുത്വത്താലായിരിക്കാം; അല്ലാത്തപക്ഷം അറിഞ്ഞുകൂടായ്മ കൊണ്ടും. അതേ, നമ്മുടെ നിത്യ ജീവിതത്തിൽ അത്രയധികം ഒട്ടിപ്പിടിച്ച ഒന്നായിരിക്കുന്നു ഇന്നു യുദ്ധം. ഇതൊരു കടുത്ത യാഥാർത്ഥ്യമാണു്. നിങ്ങൾക്കിഷ്ടമായാലും ഇല്ലെങ്കിലും ശരി, ഈ വാസ്തവം നിങ്ങളുടെ മുമ്പിൽതുറിച്ചു നോക്കി നിൽക്കുന്നു. അതില്ലെന്നു നിഷേധിക്കുന്നതു് വങ്കത്തമല്ലെങ്കിൽപ്പിന്നെയെന്താണു്?

യുദ്ധത്തിൻെറ ഗതി എങ്ങോട്ടാണെന്നും, ഭാവി ഏതു വിധത്തിലാണു് നിർണ്ണയിക്കപ്പെടുക എന്നും ഇന്നു വ്യക്തമായിട്ടുണ്ടു്. നാം വിജയത്തിൻെറ വക്കത്തെത്തിക്കഴിഞ്ഞിരിക്കുന്നു; കുറച്ചു മാസങ്ങൾക്കുള്ളിൽ, കൂടിവന്നാൽ കുറച്ചു വർഷങ്ങൾക്കുള്ളിൽ നമുക്കു അനുകൂലമായി യുദ്ധം അവസാനിക്കും. മനുഷ്യസമുദായത്തെ മുഴവനും രക്തപ്രളയത്തിലേക്കു വലിച്ചിഴച്ച ആ സമുദായദ്രോഹികളും ഘാതകന്മാരും രക്തപിപാസുക്കളുമായ ജർമ്മൻഫാസിസ്റ്റുകളും ജാപ്പ്ഫാസിസ്റ്റുകളും ലോകത്തിൽനിന്നു വേരോടെ പറിച്ചു കളയപ്പെടും; ഈ ഭയങ്കരവും ആപൽക്കരവുമായ പേശ്ലബാധയിൽനിന്നു സ്വതന്ത്രമായി മനുഷ്യലോകം ആശ്വാസനിശ്വാസം വിടും. ഇതു അതിർകവിഞ്ഞ ഒരു ശുഭാപ്തിവിശ്വാസമല്ല; സംഗതികൾ വിളിച്ചു പറയുന്ന ഒരു വാസ്തവം മാത്രമത്രേ.

യുദ്ധം വേഗം അവസാനിക്കും; ശരിതന്നെ, പക്ഷെ യുദ്ധകാലത്തിന്നു മുമ്പുണ്ടായിരുന്ന ആ ജീവിതരീതിയും അതോടൊപ്പംതന്നെ ആരംഭിക്കുമോ? ഈ ചോദ്യം വളരെ സന്ദർഭോചിതമായ ഒന്നത്രേ. പക്ഷെ മറെറാരു പ്രശ്നം ഈ ചോദ്യത്തിൽ നിന്നുതന്നെ ഉത്ഭവിക്കുന്നു. അല്ല, വീണ്ടും നാം 1939 ലേയ്ക്കു മടങ്ങിപ്പോകണമെന്നാണോ പറയുന്നതു്? അതു സാദ്ധ്യമാണോ? അല്ലെങ്കിൽ, അതു സാദ്ധ്യമാണെങ്കിൽത്തന്നെ, പിന്നെ എന്തിനായിട്ടാണ വിയർപ്പും കണ്ണീരും രക്തവും ചൊരിഞ്ഞു ജനങ്ങൾ ത്യാഗംചെയ്യുതു്? പഴയ മട്ടിലേക്കു തിരിച്ചുപോകാനാണോ? അത്രമാത്രം പരിമിതമായ ഒന്നാണോ നമ്മുടെ ലക്ഷ്യം? ഇങ്ങിനെ നിരവധി ചോദ്യങ്ങൾ ഉത്ഭവിക്കുന്നു.

ശരിയാണു്, യുദ്ധത്തിന്നു മുമ്പുള്ള ദശയിലേക്കു മടങ്ങിപ്പോവാൻ സാദ്ധ്യമല്ല; അതിന്നാഗ്രഹിക്കുന്നവർ ഉണ്ടായിരിക്കാം. പക്ഷെ അതു അസാദ്ധ്യമായ ഒരു ലക്ഷ്യമത്രെ. ഞാനൊന്നു ചോദിക്കട്ടെ, നിങ്ങളുടെ കുട്ടിക്കാലത്തെ ഉടുപ്പു് നിങ്ങൾക്കിപ്പോൾ ധരിക്കാമോ? അതു സാദ്ധ്യമാണെങ്കിൽ നിങ്ങൾക്കു 1939 ലേക്കു തന്നെ തിരിച്ചു പോകാം. നാം പല പുതുമകളുമായി ഈ യുദ്ധകാലത്തു പരിചയപ്പെടുന്നു; പല പഴമകളേയും പരിത്യജിച്ചിരിക്കുന്നു. പ്രയോജനപ്പെടുന്ന ആ പുതിയ രീതികളും പഴമകളുടെ അവശിഷ്ടങ്ങളും കൂട്ടിച്ചേർത്ത് ഒരു പുതിയ ലോകം സൃഷ്ടിക്കുക! അതാണു് ഈ യുദ്ധം നമ്മെ പഠിപ്പിക്കുന്നതു്.

പക്ഷെ പഴയതിൻെറ അടിസ്ഥാനത്തിൽ മാത്രമേ നമുക്കു എന്തും ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇന്നാവട്ടെ, പഴയ ലോകത്തിൻെറ ശകലങ്ങൾമാത്രമേ ബാക്കിയുള്ളൂതാനും, മറെറല്ലാം യുദ്ധം താറുമാറാക്കിക്കളഞ്ഞു. ഈ ശകലങ്ങൾ ഏകീകരിച്ചു് വേണം ഭാവിയ്ക്കു അടിസ്ഥാനമിടാൻ. ആ അടിസ്ഥാനമിടലും ഭിന്നിച്ചു അകന്നു് നിന്നു് വയ്യാ; കാരണം നാശം സാർവ്വലൌകികമാണു്; അതിനെ പരിഹരിച്ചു സുസ്ഥിരപ്പെടുത്തുക എന്ന കൃത്യവും, തന്മൂലം, സാർവ്വലൌകികമായിത്തന്നെവരണം. എല്ലാ രാജ്യങ്ങളും, ഒരു അന്തർദേശീയമനഃസ്ഥിതിയോടെയും വിട്ടുവീഴ്ച മനോഭാവത്തോടെയും ചെയ്യേണ്ട ഒരു കാര്യമാണു് ഇതു്. അല്ലാത്തപക്ഷം വീണ്ടും നാം വിപത്തിൻെറ വായിൽ അകപ്പെടും.

II

മേല്പറഞ്ഞ ഉദ്ദേശങ്ങളിൽ ചിലവ സാധിക്കുന്നതിന്നായി ഏർപ്പെടുത്തിയ സംഘടനയാണു്, യു.എൻ.ആർ.ആർ.എ. എന്ന പേരിൽ അറിയപ്പെടുന്ന "യുണൈറററഡ് നേഷൻസ് റിലീഫ് ആൻറ് റിഹാബിലിറേറഷൻ അഡ്മിനിസ്ട്രേഷൻ"—അതായതു്, യുദ്ധത്താൽ താറുമാറായ രാജ്യങ്ങളെ മുൻസ്ഥിതിയിൽ വരുത്തുന്നതിന്നും അതിന്നു് വേണ്ട സഹായങ്ങൾ നൽകുന്നതിന്നും വേണ്ടിയുള്ള ഐക്യരാഷ്ട്രങ്ങളുടെ ഒരു സംഘം.

യു.എൻ.ആർ.ആർ.എ. വെറും ഒരു ആലോചനാസമതിയോ, ഉപദേശകസംഘമൊ അല്ല. ലോകത്തിന്നു് അവശ്യം വേണ്ട സഹായസഹകരണങ്ങൾ നൽകുന്നതിന്നു ക്ലിപ്തവും വ്യക്തവുമായ ഒരു പരിപാടിയും പദ്ധതിയും കൈക്കൊണ്ട ഐക്യ രാഷ്ട്രങ്ങളിലെ നിരവധി വിദഗ്ദ്ധന്മാരടങ്ങിയ ഒരു സംഘടനയാണു് അതു്. ബ്രിട്ടീഷുകാരും, അമേരിക്കക്കാരും മററു സഖ്യപക്ഷീയരുമായ വിദഗ്ദ്ധന്മാരും ഈ കാര്യത്തിൽ ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമാണു്.

1943 ഡിസെമ്പർ 10-ാംനു-യാണു് ഈ സംഘടന രൂപീകൃതമായതു. ലോകവ്യാപകമായി പ്രവർത്തിച്ചു വരുന്നതും, സാർവ്വലൌകികവുമായ ഒരു ധാർമ്മികസംഘടനയല്ലയിതു്; യൂറോപ്പു സ്വതന്ത്രമാക്കപ്പെട്ടാൽ ഉടൻതന്നെ ആയിരമായിരം തൊഴിലില്ലാത്തവർക്കു ഉദ്യോഗം നൽകുന്നതിന്നുള്ള ഒരേജൻസിയുമല്ല. അഥവാ ഒരു പുതുലോകം പണിയുന്നതിന്നുള്ള രാഷ്ട്രീയ സംഘവുമല്ല. അടിയന്തരവും, പ്രായോഗികവുമായ ചില കാര്യങ്ങൾ ചെയ്തുതീർക്കുകയാണു് യു.എൻ. ആർ. ആർ. എ. യുടെ ലക്ഷ്യം. യുദ്ധം മൂലം ക്ഷീണിച്ചു തളർന്നു താറുമാറായ രാജ്യങ്ങൾക്കു കഴിയുന്നത്ര സഹായങ്ങൾ ചെയ്തു, അവയെ വീണ്ടും സ്വന്തം കാലിൽ നിൽക്കുന്നതിന്നു ശക്തമാക്കുക; ഭക്ഷണം, വസ്ത്രം, മരുന്നുകൾ ഇവയൊക്കെ ഈ രാജ്യങ്ങളിലെ ജനങ്ങൾക്കു നൽകുക; അവിടങ്ങളിൽ അവ നിർമ്മിക്കുന്നതിന്നുള്ള പരിതസ്ഥിതികൾ നിർമ്മിക്കുക,—ഇവയൊക്കെയാണു് ഉടനടിയുള്ള പരിപാടികൾ.

ബ്രിട്ടൻ, റഷ്യ, അമേരിക്ക, എന്നീ മഹച്ഛക്തികൾക്കുമാത്രം കഷ്ടപ്പെടുന്ന ഈ ജനതകൾക്കാകമാനം ഭക്ഷണം നൽകുവാൻ സാദ്ധ്യമല്ല. 35 ഫാസിസ്റ്റ് അടിമരാജ്യങ്ങളിലുള്ള 50 കോടി ജനങ്ങൾക്കു വേണ്ട മരുന്നുകൾ, വസ്ത്രങ്ങൾ, ഭക്ഷണം, അവ കൊണ്ടുപോകുന്നതിന്നുള്ള ഗതാഗതസൌകര്യങ്ങൾ ഇവയെല്ലാംതന്നെ ഈ മഹച്ഛക്തികളുടെ കൈവശമില്ലതാനും. യു.എൻ. ആർ.ആർ.എ.യിൽ ഐക്യരാഷ്ട്രങ്ങളിലുൾപ്പെട്ട 44 ഗവർമ്മേണ്ടുകൾ ചേർന്നിട്ടുണ്ടു്. സ്വീഡൻ, സ്വിററ്സർലണ്ടു് തുടങ്ങിയ ചില നിഷ്പക്ഷരാജ്യങ്ങൾക്കൂടി ഈ സംഘത്തിലുണ്ടു്. ഇന്നത്തെ ഗൌരവമേറിയ പ്രശ്നങ്ങളെ മാത്രമല്ല, അന്തർദ്ദേശീയരായ ചില ദൂരവ്യാപക പ്രശ്നങ്ങളുടെ പരിഹാരംകൂടി ഈ സംഘടനയിൽ അന്തർഭവിച്ചു കിടപ്പുണ്ടു്.

ഏററവും പ്രധാനമായ പ്രശ്നം നൽകപ്പെടുന്ന സാമാനങ്ങളുടെ വിലയെപ്പററിയാണു്. യു. എൻ. ആർ. ആർ. എ. വെറും കടം വാങ്ങിക്കഴിയാൻ പാടില്ല; അങ്ങിനെ വന്നാൽ ഈ സംഘടനയുടെ പ്രവർത്തനങ്ങൾക്കുതന്നെ പ്രതിബന്ധങ്ങൾ വന്നുചേരും. വെറുമൊരു അന്തർദ്ദേശീയ സഹായബോർഡോ, വിപുലീകരിക്കപ്പെട്ട 'കടംവായ്പ' സമ്പ്രദായമോ, ആയി ഈ സംഘടനയ്ക്കു് ജീവിക്കാൻ എളുപ്പമല്ല; മാത്രമല്ല, അതു് ആവശ്യമല്ലതാനും. വിതരണം ചെയ്യപ്പെടേണ്ട സാമഗ്രികൾ വിവിധ തരത്തിൽ ഉൾപ്പെട്ടതാണു്. ഫെർട്ടിലൈസർ യന്ത്രം മുതൽ ക്ഷൌരം ചെയ്യാനുള്ള ബ്ലേഡുകൾവരേയും, കാലുറകൾ മുതൽ തീവണ്ടി എഞ്ചിൻവരേയും ഈ സാമഗ്രികളിൽ ഉൾപ്പെടുന്നുണ്ടു്. ഏററവും സമ്പന്നമായ രാജ്യങ്ങൾ സാമഗ്രികളെല്ലാം വാങ്ങുകയും, അങ്ങിനെ ദരിദ്രരാഷ്ട്രങ്ങൾക്കും ഒന്നുംകിട്ടാതെയാവുകയും ചെയ്യാൽ അതു് വളരെ കഷ്ടമായിരിക്കും. എന്നുതന്നെയല്ല, സാമാനങ്ങൾക്കു് മററു വേണ്ടിയുള്ള സാർവ്വലൌകികമായ കൊള്ളയായി കലാശിക്കുകയും ചെയ്യും. ഇക്കാര്യത്തിൽ അത്രയധികം സജീവമായ ഒരു പ്രവർത്തനപരിപാടി ഈ സംഘടന സ്വീകരിക്കുന്നതായിരിക്കും.

ആദ്യമായി ഈ സംഘടനയുടെ പ്രായോഗികതയും, ആവശ്യകതയും തെളിയിച്ചതു് സഖ്യസേനകൾ ആർജിറിയിൽ ഇറങ്ങിയ സമയത്താണു്. ഈ സേനകളോടൊപ്പം യു. എൻ. ആർ. ആർ. എ. ഒരു പ്രത്യേക സംഘ

## ഹോളണ്ടിൽ സഖ്യസൈന്യങ്ങൾ




തെക്കുപടിഞ്ഞാറൻ ഹോളണ്ടിലെ ഒരു നഗരത്തിൽ സഖ്യസേനകൾ പ്രവേശിക്കുന്നു.



പുട്ടെ നഗരത്തിൽ കനേഡിയൻ പട്ടാളം



മുന്നോട്ടു കയറുന്ന സേനകൾക്ക് വമ്പിച്ച സഹായം ചെയ്തുവരുന്ന ന്യൂസിലണ്ടുകാരായ ഒരു വൈമാനികസംഘം



ഹെർടോജൻ ബോഷ് നഗരത്തിൽ

ത്തെയും അയച്ചിരുന്നു. ആ സംഘത്തിന്റെ നേതാവായ ഫ്രെഡ് കെ. ഹോഫ്ലർ അന്നു ഏററവും മഹത്തരമായ സേവനങ്ങളാണ് ചെയ്തത്. "വടക്കെ ആഫ്രിക്കയിൽനിന്നു ഞങ്ങൾക്കു കിട്ടിയ പാഠങ്ങൾ പറയുകയാണെങ്കിൽ അവ ഇതായിരിക്കും" മി: ഹോഫ്ലർ പറയുന്നു. "ഓരോ രാജ്യത്തേക്കും അയക്കുന്ന യു. എൻ. ആർ. ആർ. എ. സംഘം വളരെ ചെറുതും, വിദഗ്ദ്ധന്മാരും, പ്രായോഗിക പരിചയവും അനുഭവവും നേടിയവരും അടങ്ങിയതായിരിക്കണം. രാഷ്ട്രീയ വൈഷമ്യങ്ങളെ വിഗണിച്ചും അതാതിടത്തെ ജനങ്ങൾ അവക്കു സഹായസഹകരണങ്ങൾ നൽകുന്നതിന്നു ഉദ്യമിക്കണം. ജനങ്ങളുടെ സഹകരണത്തിലൂടെ അവ നടത്തുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം; കാരണം ജനകീയസഹായം വളരെ വിലയേറിയ ഒന്നാണ്."

യു. എൻ. ആർ. ആർ. എ. ഒരു ചെറിയ സംഘടനതന്നെ ആയിരിക്കാനേ ഇടയുള്ളു. മി. ഹോഫ്ലർ പ്രസ്താവിച്ച മാതിരിത്തന്നെ അതാതു രാജ്യങ്ങളിലെ ജനങ്ങൾ അഹമഹമികയാ സഹകരണത്തിന്നു വരുന്നതായിരിക്കും.

യു. എൻ. ആർ. ആർ. എ. ഏതൊരു ഗവർമ്മേണ്ടിന്റെയും—അതു എത്രതന്നെ വലുതായാലും ചെറുതായാലുംശരി—ദാസനാവാൻ പോകുന്നില്ല. ഉല്പാദനം, വിതരണം ഈ രണ്ടു തുറകളിലും സാമഗ്രികളുടെ പ്രവാഹത്തെ ക്രമീകരിക്കുവാനുള്ള ഒരു അന്തർദ്ദേശീയ ഏജൻസിയാണ് ഇതു്. ഓരോ രാഷ്ട്രവും ഇതിൽ സഹകരിക്കുന്നതാണ്; തങ്ങളാലാവുന്നതു് പണമായും സാമാനമായും സംഭാവന നൽകുന്നതുമാണ്.

അക്രമത്തിന്നു വിധേയരല്ലാത്ത രാജ്യങ്ങൾ ആകെയുള്ള ദേശീയദായത്തിന്റെ നൂററിൽ ഒരു ഭാഗം നൽകണമെന്നാണ് തീരുമാനിച്ചുള്ളതു്. ആക്രമിക്കപ്പെട്ടവർ, തങ്ങളുടെ സ്വന്തജനങ്ങളുള സഹായിക്കുന്നതിന്നു ഏതുവിധേനയെല്ലാം സാദ്ധ്യമാണോ ആ വിധത്തിലെല്ലാം പരിശ്രമിക്കേണ്ടതുമാണ്. അങ്ങിനെ എല്ലാ രാഷ്ട്രങ്ങളും തങ്ങളാലാവുന്നതെല്ലാം ഈ സംഘടനയ്ക്കു സംഭാവന നൽകുന്നതായിരിക്കും. എന്തായാലും, സർവ്വവിധേനയുമുള്ള സാർവ്വലൌകികമായ കൂട്ടുകെട്ടും, യോജിപ്പും അനുസരിച്ചാണ് ഇതിന്റെ വിജയം സ്ഥിതിചെയ്യുന്നതു്. ഈയിടെ ബ്രിട്ടൻ ഗ്രീസിലെ ജനങ്ങൾക്കായി 50,000 ടൺ സാമഗ്രികൾ യു. എൻ. ആർ. ആർ. എ. യുടെ ആഭിമുഖ്യത്തിലൂടെ നൽകുവാൻ തീരുമാനിച്ചതായി വിദേശകാര്യമന്ത്രി ഈഡൻ പ്രസ്താവിക്കുകയുണ്ടായി. യൂറോപ്യൻ രാജ്യങ്ങൾ ഓരോന്നോരോന്നായി സ്വാതന്ത്ര്യമാക്കപ്പെട്ടുവരുന്ന ഈ സന്ദർഭത്തിൽ, യു.എൻ.ആർ ആർ.എ.യുടെ ഉത്തരവാദിത്വവും, ഭാരവും, ബാദ്ധ്യതയും, പ്രവൃത്തിയും അധികരിച്ചുവരുന്നു. ഈ ഉത്തരവാദിത്വം നിറവേററുന്നതിന്നു എല്ലാ രാഷ്ട്രങ്ങളും മനുഷ്യരും ഒത്തൊരുമിക്കേണ്ടതാണ്.

## ചെറുകഥ

# പ്രതികാരം

(ജി. പി. ശങ്കരമംഗലം)

ഭയങ്കരമായ ജർമ്മനാക്രമണത്തിന്റെ പരിണതഫലം ആസന്നമാണെന്ന് ആ ഉക്രേനിയൻ കുടുംബം തികച്ചും മനസ്സിലാക്കി. അതു തങ്ങൾക്കു അഭിമാനപ്രദമായിരിക്കയില്ലെന്നും അവർക്കറിയാം: എണ്ണമററ ത്യാഗങ്ങളാൽ തങ്ങൾ നേടിയ സമത്വസാഹോദര്യാദി സർവ്വസ്വാതന്ത്ര്യങ്ങളുടേയും, സാമുദായിക ക്രമങ്ങളുടേയും, സമൂലച്ഛേദനമായിരിക്കും നാസികളുടെ വിജയലക്ഷ്യം. എങ്കിലും എന്തുചെയ്യാം, അപ്രതീക്ഷിതവും, ആവേശകരവുമായ, ജർമ്മൻ രാക്ഷസശക്തിയുടെ അടിച്ചുകയററത്തിൽ ചുകപ്പുസേന അടിക്കടി പിൻമാറിക്കൊണ്ടിരുന്നതുമാത്രമാണ് ആയിടെ അവർ കേട്ടുവരുന്ന യുദ്ധവാർത്തകൾ! എങ്കിലും ഗൊറില്ലാ യുദ്ധമുറയിൽ സുശിക്ഷിതനായ ആൻടൻ ഡിമിട്രി പവ്ലോവിന്നു നിശ്ചയമുണ്ട് ജർമ്മൻകാരുടെ വിജയം ഒരു വിജയമായിരിക്കയില്ലെന്ന്. പ്രണയിനിയായ സോയ ഇവ്നോവനയേയും പ്രിയപുത്രിയായ മാഷയേയും ഉദ്ദേശിച്ചു മാത്രമായിരുന്നു പവ്ലോവിനു സങ്കടം. പ്രത്യേകിച്ചും മധുരപ്പതിനേഴിലേക്കു പദമൂന്നിയിരിക്കുന്ന അതിസുന്ദരിയും അതിലേറെ മൃദുലമനസ്വിനിയുമായ തന്റെ ഓമന സന്താനം ജർമ്മൻ ചെന്നായ്കളുടെ കയ്യിൽ അകപ്പെട്ടാൽ! —പവ്ലോവ് നടുങ്ങുക തന്നെ ചെയ്തു.

കർണ്ണകഠോരമായ പീരങ്കിമുഴക്കം ആ ദിക്കെങ്ങും മാറെറാലികൊണ്ടു: ആകാശമെങ്ങും ശത്രുക്കളുടെ "ജങ്കർ" വിമാനങ്ങളാൽ വലയം ചെയ്യപ്പെട്ടു. അധികം ദൂരത്തല്ലാതെ ഭയചകിതരായ ജനങ്ങളുടെ ദീനരോദനങ്ങളും കേൾക്കാനുണ്ട്. സംഭ്രാന്തനായ പവ്ലോവ് ദീനസ്വരത്തിൽ ഭാര്യയോടു ചോദിച്ചു: "സോയാ, അവററ എത്തിക്കഴിഞ്ഞുവെന്നു തോന്നുന്നു. നാം എന്താണു ചെയ്യുക?"

സോയ ഇവ്നോവന പെട്ടെന്നു പറഞ്ഞു: "എന്തു ചെയ്യാനാണ്? മരണത്തിനു തയ്യാറാവുകതന്നെ."

പവ്ലോവ് സംഭ്രമത്തോടെ പറഞ്ഞു: "ഇത്ര പെട്ടെന്നോ?" രണ്ടുപേരുടേയും നയനങ്ങൾ മാഷയിൽ പതിഞ്ഞു. അവൾ ഏതുമൊന്നുമറിയാത്തവളെപ്പോലെ മുറിയുടെ ഒരു മൂലയിൽ ഒരു പൂച്ചക്കുഞ്ഞിനെ കളിപ്പിച്ചുകൊണ്ടിരിക്കയാണ്. "സാധു," രണ്ടുപേരും ഒരുമിച്ചു പെട്ടെന്നു പറഞ്ഞുപോയി. ആ ദമ്പതികളുടെ നയനങ്ങൾ പരസ്പരം ഇടഞ്ഞു. ഇരുപതു സംവത്സരകാലത്തെ ശോഭനവും സൗഭാഗ്യസമ്പൂർണ്ണവുമായ ദാമ്പത്യജീവിതത്തിന്റെ മധുരസ്മരണകൾ അവരുടെ മാനസമുകുരത്തിൽ അനുക്രമം പ്രതിബിംബിച്ചു. അവർ ധാരധാരയായി കണ്ണുനീർ ഒഴുക്കി.

"സോയാ! എല്ലാം നിന്റെ യുക്തംപോലെ" വികാരപാരവശ്യത്തോടും ബാഷ്പവർഷത്തോടുംകൂടി പ്രിയതമയെ കെട്ടിപ്പുണർന്ന് പലവുരു ചുംബിച്ചുകൊണ്ടു പവ്ലോവ് പറഞ്ഞു. അവസാനത്തെ ചുംബനങ്ങൾ! എന്തോ ചിന്തിച്ചുറച്ചവനെപ്പോലെ ഉത്തരക്ഷണത്തിൽ അയാൾ അവിടെനിന്നും യാത്രയായി.

ഒരു നിമിഷനേരത്തേക്കു നിശ്ശബ്ദമായ ആ കുടുംബാന്തരീക്ഷം അടുത്ത ക്ഷണത്തിൽ തന്നെ നാസിസൈന്യങ്ങളുടെ ആയുധചലനങ്ങളോടുകൂടിയ ശാസനാവൈവിധ്യത്താൽ മുഖരിതമായി: ഹാ, നിർഭാഗ്യയായ മാതാവും പുത്രിയും!

II

യുദ്ധപ്പിശാചിയുടെ ഭയങ്കരാട്ടഹാസങ്ങൾ ദിക്കെങ്ങും മാറെറാലികൊണ്ടു: എവിടെ നോക്കിയാലും രക്തച്ചൊരിച്ചിലിന്റേയും ദീനരോദനത്തിന്റേയും സമൃദ്ധിതന്നെ: തങ്കശലാകകൾപോലെയുള്ള ഗോതമ്പു ചെടികളാൽ സമൃദ്ധമായ വയലുകൾ അരക്ഷണത്തിൽ തരിശായി മാറി. രാജവീഥികളെല്ലാം രക്തപ്പുഴകളായി രൂപാന്തരപ്പെട്ടു. ഉക്രേയിനിലെ ഓരോ കുടുംബവും ഓരോ സൈന്യസങ്കേതമായിത്തീർന്നു. മനുഷ്യത്വമോ വിവേചനാബുദ്ധിയോ അണുവളവുമില്ലാത്ത അക്രമികളായ നാസി പട്ടാളക്കാരാൽ അനവധി കുലസ്ത്രീകൾ മാനഭംഗം ചെയ്യപ്പെട്ടു. ഏതുമൊന്നുമറിയാത്ത പിഞ്ചുപൈതങ്ങൾപോലും അക്രമികളായ ശത്രുക്കളുടെ നിശിതമായ ബയണററിന്റെ രുചിയറിയേണ്ടിവന്നു. അലറിപ്പായുന്ന ടാങ്കുകളും, ഝംകാരം മുഴക്കുന്ന വേട്ടവിമാനങ്ങളും, കിടുകിടെ വിറപ്പിക്കുന്ന പീരങ്കികളും ഒത്തുചേർന്നു ആ സ്വർഗ്ഗീയ നഗരത്തെ ഒരു പാഴ്നരകമാക്കി മാററി.

വിജയശ്രീലാളിതനായ നാസിസേനാനായകൻ മദോന്മത്തനായി തന്റെ കൈനിലയിൽ ഒരു ചാരുകസാലയിൽ മലർന്നു കിടക്കയാണ്. അരികത്തുള്ള വട്ടമേശമേൽ അനവധി മദ്യക്കുപ്പികളും മററു പാനീയോപകരണങ്ങളും നിരത്തിവെച്ചിട്ടുണ്ട്. ഒട്ടേറെ മനുഷ്യസഹോദരങ്ങളുടെ ജീവരക്തത്തിൽ മുഴുകിയ അയാളുടെ കൈത്തോക്കു മേശപ്പുറത്തു രാജസമായി വെക്കപ്പെട്ടിരിക്കുന്നു. തന്റെ ആഡംബരസമ്പൂർണ്ണമായ പട്ടാളവേഷത്തിൽ അയാൾ സ്വയം അഭിമാനിതനാണ്. ഹൃദയകാഠിന്യത്തെ പ്രദ്യോതിപ്പിച്ചുകൊണ്ടു സൈനിക പാരിതോഷികമായി താൻ സമ്പാദിച്ച ഇരുമ്പ് കുരിശ് അയാൾ ചട്ടയിൽ തൂക്കിയിട്ടിരിക്കുന്നു. തുറിച്ചു നിൽക്കുന്ന മേൽമീശയെ ഇടക്കിടെ ഒരു കയ്യിനാൽ തടവിക്കൊണ്ടും കത്തിച്ചുപിടിച്ച സിഗററ് അലക്ഷ്യഭാവത്തിൽ ചലിപ്പിച്ചുകൊണ്ടും ആ 'ധൂമാക്ഷൻ' സമീപത്തു ഭയതരളിതയായി നിൽക്കുന്ന സർവ്വാംഗസുന്ദരിയായ പെൺമണിയിൽ ദൃഷ്ടി പതിപ്പിച്ചു. വിശ്വവിമോഹനമായ ആ താരുണ്യലാവണ്യത്തിൽ അയാൾ മയങ്ങിപ്പോയിയെന്നുതന്നെ പറയാം. വ്യാധനെ ദർശിച്ച മാൻകുഞ്ഞിനെപ്പോലെ മാഷ നിൽക്കുന്നു. ആ അനാഘ്രാത കുസുമത്തോട് അയാൾ ശൃംഗാരം കലർന്ന ഒരു പുഞ്ചിരിയോടെ അല്പം ഗൗരവസ്വരത്തിൽ ചോദിച്ചു: "വത്സേ, നിന്റെ പേർ?"

"മാഷ" അവൾ ഗൽഗദസ്വരത്തിൽ മറുപടി പറഞ്ഞു. ഓഹോ, ഓർമ്മവന്നു: ഇവിടത്തെ നഗരസോവിയററിന്റെ അദ്ധ്യക്ഷനായ ആൻടൺ ഡിമിട്രി പവ്ലോവിന്റെ മകൾ, അതേ, നിന്റെ പേർ ഞങ്ങളുടെ ഡയറിയിൽ പണ്ടേ പതിഞ്ഞിട്ടുണ്ട്, സന്തോഷം." സമീപത്തു കിടന്ന ഒരു കസാല ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾ തുടർന്നു പറഞ്ഞു: "മാന്യയായ നീ നില്ക്കുകയോ, ഇരിക്കൂ, ഇവിടെ ഇരിക്കൂ" അയാൾ ആകാംക്ഷാപൂർവ്വം അവളെ നഖശിഖാന്തം നോക്കി മന്ദഹസിച്ച് വീണ്ടും കസാല ചൂണ്ടിക്കാണിച്ചു.

"വന്ദനം ഞാൻ ഇവിടെ നിന്നുകൊള്ളാം" പരിഭ്രാന്തയായ കന്യക ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു.

"എന്ത്, നില്ക്കുകയോ, ആ പല്ലവതുല്യങ്ങളായ പാദങ്ങൾ വേദനിപ്പിക്കുകയോ? വത്സേ ഭയപ്പെടേണ്ട: ഹെർമാൻ ആൽഫ്രഡ് അത്ര ഹൃദയശൂന്യനോ മര്യാദഹീനനോ അല്ല" അയാൾ ആടുവാൻ ആശിക്കുന്ന ഏതൊരു നാടത്തിന്റെ നാന്ദിയായിരിക്കും ഈ മര്യാദപ്രകടനത്തിൽ അടങ്ങിയിരിക്കുന്നതെന്നു ആ ബുദ്ധിശാലിനിയായ കന്യക ഊഹിച്ചു: മാതാപിതാക്കന്മാരുടെ വാത്സല്യഭാജനമായി, സംസ്കാരസമ്പന്നമായ ഒരു ജനവിഭാഗത്തിന്റെ ഉത്തമമാതൃകയായി വളർന്നുവന്ന തനിക്കു നേരിട്ടേക്കാവുന്ന അത്യാഹിതത്തെ മനസാ ദർശിച്ചു അവൾ നടുങ്ങി; തന്റെ നാട്ടുകാർ അനുഭവിച്ചുവരുന്ന ദുരന്തദുരിതത്തേയും, തന്റെ നിസ്സഹായതയേയും ഓർത്ത് ആ സാധു വിമ്മിവിമ്മിക്കരഞ്ഞു.

"എന്തേ പകച്ചു നിൽക്കുന്നത്" ആൽഫ്രഡിന്റെ പരുഷസ്വരം അവളെ ചിന്തയിൽനിന്നുണർത്തി.

"ഒന്നുമില്ല" അവൾ പെട്ടെന്നു മറുപടി പറഞ്ഞു.

"പിന്നെ?" അയാൾ അക്ഷമനായി.

അവൾ ചുററുപാടും ഒന്നു കണ്ണോടിച്ചു; മുറിയിലെ ഏകാന്തത, വെളിച്ചത്തിന്റെ മന്ദപ്രകാശം, പ്രതിയോഗിയുടെ മദോന്മത്തത, മേശപ്പുറത്ത് പ്രയോഗസജ്ജമാക്കിവെക്കപ്പെട്ടിരിക്കുന്ന ആയുധം; ഉദ്ദേശം അമ്പതു വാര അകലെ നഗരമദ്ധ്യത്തിൽ ഒരു കഴുകുമരത്തിൽ തൂങ്ങിക്കിടക്കുന്നതും ജനാലവഴി അസ്പഷ്ടമായിമാത്രം കാണുവാൻ സാധിക്കുന്നതുമായ പാവനചരിതയായ തന്റെ പ്രിയമാതാവിന്റെ നഗ്നമായ മൃതദേഹം; താൻ പഠിച്ചിരുന്ന വിദ്യാലയത്തിൽനിന്ന് അപ്പോഴും പുറപ്പെട്ടുകൊണ്ടിരുന്ന ദീനരോദനങ്ങൾ, ദൂരെ അല്പം മങ്ങിക്കാണുന്ന കുന്നിൻചരിവുകൾ; രക്തവർണ്ണസങ്കലിതമായ അസ്തമനാകാശം—മാഷ ദീർഘമായി ഒന്നു നിശ്വസിച്ചു.

"ബുദ്ധിശൂന്യയായ കുട്ടീ, നീ എന്നെ മനസ്സിലാക്കിയില്ല" കയ്യിലിരുന്ന സിഗരററുകുററി വലിച്ചെറിഞ്ഞുകൊണ്ട് സൈന്യനാഥൻ അല്പം കോപസ്വരത്തിൽ പറഞ്ഞു. മേശപ്പുറത്തിരുന്ന മദ്യക്കുപ്പി ഒന്നുകൂടെ ഒഴിഞ്ഞു. അയാളുടെ കണ്ണിലെ രക്തവർണ്ണം ഇരട്ടിച്ചു. "ആൽഫ്രഡിന്റെ മുമ്പിൽ അനുസരണക്കേടിനുള്ള ഫലം എന്താണെന്നറിയാമോ" മേശമേൽ അടിച്ചുകൊണ്ട് ഉഗ്രസ്വരത്തിൽ ആയാൾ തുടർന്നു ചോദിച്ചു.

"അറിയാം" അവൾ പുച്ഛസ്വരത്തിൽ പെട്ടെന്നു മറുപടി പറഞ്ഞു. അവളുടെ റഷ്യൻരക്തം തിളച്ചു. ആരുടെയും മുമ്പിൽ തല കുനിക്കാത്ത ഒരു പാരമ്പര്യമാണ് അവർക്കുള്ളത്. തന്റെ രാജ്യത്തോടും കുടുംബത്തോടും നാസികൾ ചെയ്തു കഠിനമായ അക്രമങ്ങളുടെ സജീവസ്മരണകൾ ആ അശക്തബാലികയെ അ

## വരുന്നുവോ ?

(കെ. ജി. രാമൻ നായർ)

(വഞ്ചിപ്പാട്ട്)

വരുന്നുവോ നിങ്ങൾക്കൂടി കടൽപ്പടയാളിയാകാൻ
തെരുതെരെയരികളെയരിഞ്ഞു വീഴ്ത്താൻ ?

ഉലകിലെ പലപല വിലസിത നാട്ടകളി-
ലലംകരിച്ചഹംകരിച്ചെങ്ങും പോയീടാം.
വിവിധരീതിതിങ്ങുന്ന വിനോദങ്ങൾ കണ്ടുകൊണ്ടു-
വിരവിലീ വിശ്വമെങ്ങും വിരഞ്ഞുനോക്കാം.
സിഡ്നി, ലണ്ടൻ, ന്യൂയോർക്കെന്നീ പട്ടണങ്ങൾ സന്ദർശിക്കാം
കേപ്ടൌണിലെ വിലാസങ്ങളൊന്നു വീക്ഷിക്കാം.
ഹിന്തുമഹാസമുദ്രത്തിൽ, ശാന്തസമുദ്രത്തിലെ, ങ്ങും
സന്തോഷസാന്ദ്രതയോടെ സഞ്ചരിച്ചിടാം.

വരുന്നുവോ നിങ്ങൾക്കൂടിക്കടൽപ്പടയാളിയാകാൻ
തെരുതെരെയരികളെയരിഞ്ഞൊടുക്കാൻ ?

കപ്പലുകളനവധി, വിമാനവാഹിനി, മുങ്ങി
കപ്പൽ, യുദ്ധക്കപ്പലേവം പലവിധത്തിൽ.
അവയിലൊക്കെവേയേറി സാഗരത്തിൽ സകലവു-
മവിരളം നമ്മൾക്കെല്ലാം യാത്രചെയ്യീടാം.
സമുദ്രത്തിന്നടിയിങ്കൽ വായുവേഗമൂളിയിട്ടു
സമുദായദ്രോഹികളെ മുക്കിക്കൊന്നിടാം.
തിരതല്ലിത്തകർക്കുന്ന കടലിലെ വിശേഷങ്ങൾ
കരളിനും കണ്ണുകൾക്കും പരമമൃതം.

വരുന്നുവോ നിങ്ങൾക്കൂടി കടൽപ്പടയാളിയാവാൻ
തെരുതെരെയരികളെയരിഞ്ഞൊടുക്കാൻ ?

ഉലകിലെ പലപല വിലസിത നാട്ടകളി-
ലലംകരിച്ചഹംകരിച്ചെങ്ങും പോയീടാം.

ധൃഷ്യയായ ഒരു വീരതരുണിയാക്കിമാററി. അവൾ പൃഷ്ഠഭാഗത്തിൽ ആൽഫ്രഡിന്റെമേൽ ദൃഷ്ടിയുറപ്പിച്ചു.

"ആഹാ" അയാൾ അലറി; "നീ എന്നെ ധിക്കരിക്കയാണ്" ആൽഫ്രഡ് കസാലയിൽ നിന്നു ചാടിയെഴുന്നേററു.

മാഷ ഒററക്ഷണത്തിൽ മേശമേലിരുന്ന കൈത്തോക്കു കരസ്ഥമാക്കി. ഠോ, ഠേ, അതിലെ രണ്ടു തിരകൾ ഒഴിഞ്ഞു. പർവ്വതാകാരനായ ഹെർമാൻ ആൽഫ്രഡ് അയ്യോ എന്നുള്ള വിളിയോടെ നിലം പതിച്ചു. ആ ധീരവനിത ഒന്നു പൊട്ടിച്ചിരിച്ചു. മുറിക്കകത്തെ ദീപം എങ്ങിനേയോ പെട്ടെന്നണഞ്ഞു. അവിടമെങ്ങും ഒരു ശീതവാതം വ്യാപിച്ചു. സമീപസ്ഥമായ സൈനികാലയത്തിൽ കാഹളശബ്ദം മുഴങ്ങി....

III

സംഭവബഹുലമായ ദിവാരാത്രങ്ങൾ രണ്ടു കഴിഞ്ഞുപോയി. എണ്ണമററ ആക്രമണങ്ങളും പ്രത്യാക്രമണങ്ങളും നടന്നു. വിജയലക്ഷ്മി ഇരുഭാഗക്കാരെയും മാറി മാറി വരിച്ചുവെങ്കിലും, ശിക്ഷണപടുക്കളും, ധീക്ഷണാശാലികളും സർവ്വോപരി സ്വരാജ്യക്ഷേമൈകനിരതന്മാരുമായ റഷ്യൻ സൈന്യങ്ങൾതന്നെ അവസാനത്തിൽ വിജയശ്രീയാൽ പരിഗൃഹീതരായി. പബ്ലോവിന്റെ കീഴിലുള്ള രഹസ്യസൈന്യം നഗരത്തെ വീണ്ടെടുത്തു.

പട്ടണമദ്ധ്യത്തിലുള്ള അങ്ങാടിയിൽ അസംഖ്യം ജനങ്ങൾ തിങ്ങിക്കൂടിയിരിക്കുന്നു. രാജ്യരക്ഷണാർത്ഥം വീരമൃത്യു വരിച്ച രണ്ടു തരുണീമണികളുടെ അന്തിമദർശനാഗ്രഹമാണ് ജനങ്ങളെ ആകർഷിച്ചതു്. സ്നേഹമസൃണവും കൃതജ്ഞതാബന്ധുരവുമായ ഹൃദയത്താൽ ജനങ്ങൾ ആ മാതൃകാതരുണികളെ അഭിവാദ്യംചെയ്തു. തന്റെ പ്രിയപുത്രിക്കും പത്നിക്കും സംഭവിച്ച അത്യാഹിതത്തിൽ അതീവസന്തപ്തനെങ്കിലും രാജ്യസേവനാർത്ഥം അവർ വരിച്ച വീരമൃത്യുവിൽ അഭിമാനപുളകിതനായ പബ്ലോവ് സന്താപസന്തോഷസമ്മിശ്രമായ വികാരാവേശത്തോടെ മൃതശരീരങ്ങളെ പലവുരു നോക്കി. ഒരു ദീർഘശ്വാസം ആ വീരകേസരിയുടെ ഹൃദയാന്തർഭാഗത്തുനിന്നും ഉത്ഭവിച്ച് ആകാശത്തിന്റെ അനന്തതയിൽ ലയിച്ചു. പട്ടാളവാദ്യങ്ങൾ മുഴങ്ങി; പൌരതതി മൃതദേഹത്തിൽ പുഷ്പവൃഷ്ടിചെയ്തു. രാജസമായ മര്യാദകളോടെ മൃതദേഹങ്ങൾ സംസ്കരിക്കപ്പെട്ടു. ഉക്രേനിയൻ ജനതയുടെ ഉന്നതാദർശങ്ങൾപോലെയും, സോവിയററു നാടിന്റെ വിജയധ്വജംപോലെയും രണ്ടു സ്മാരകസ്തംഭങ്ങൾ ഏതാനും ദിവസങ്ങൾക്കകംതന്നെ ആ ശ്മശാനരംഗത്തിൽ ഉയർന്നുവന്നു........



ബെൽജിയം സ്വതന്ത്രമാക്കുവാൻ ചെയ്ത സേവനങ്ങൾക്കായി ഫീൽഡ് മാർഷൽ 'മോൺടി'യ്ക്കു് കോംപ്ടെഡി റിബൻബെർട്ട് വീരഖഡ്ഗം സമ്മാനിക്കുന്നു.

(5-ാം പേജിൽനിന്നു തുടർച്ച)

പുറത്തെങ്ങും പ്രത്യക്ഷപ്പെടാറേയില്ലല്ലോ എന്നാണ് ഉടനെ നമുക്കുണ്ടാവുന്ന ചോദ്യം. നിഷ്പക്ഷരാജ്യങ്ങളിൽനിന്നു പല വിധത്തിലുള്ള അനുമാനങ്ങളും കേട്ടുവരുന്നു. ഊഹാപോഹവിദഗ്ദ്ധന്മാരുണ്ടാക്കുന്ന തമാശയിണിതും. ഹിററ്ലരാണ് മനുഷ്യസമുദായം ഈ അഞ്ചു സംവത്സരക്കാലമായി അനുഭവിച്ചുവരുന്ന ദുരിതങ്ങൾക്കെല്ലാം ഹേതുഭൂതനായ പ്രധാനി. എന്നാൽ, സഖ്യശക്തികൾ യുദ്ധം ചെയ്യുന്നതു്, നാസി സമ്പ്രദായത്തേയും, ജർമ്മൻ സൈനികാധിപത്യത്തേയും, ഉന്മൂലനാശം ചെയ്യണമെന്ന ഉദ്ദേശത്തോടെയാണ്. ഹിററ്ലർ ചത്തോ, ജീവിച്ചിരിപ്പുണ്ടോ എന്നതു് അത്ര പ്രധാനമല്ല. ഹിററ്ലർപ്രഭൃതികൾ മുഴുവൻ നശിക്കുകയോ, ഭ്രാന്തു പിടിച്ചു പായുകയോ, അവർ തന്നെ പൊക്കിവിട്ട മനുഷ്യക്രോധത്തിൽ മാഞ്ഞുപോവുകയോ ചെയ്യുമായിരിക്കാം! എന്നാൽ അവർ ഇളക്കി വിട്ട ക്രൂരശക്തികളും, വർഗ്ഗീയഭ്രാന്തും, ആക്രമണേച്ഛയും വീണ്ടും അവശേഷിച്ചിട്ടുണ്ടു്. ഹിററ്ലർ എന്ന ഒരാൾക്കെതിരായല്ല സഖ്യസേനകൾ യുദ്ധം ചെയ്യുന്നതു്. ആയാളും കൂട്ടുകാരും ഉല്പാദിപ്പിച്ച ഈ ദുഷിച്ച വ്യവസ്ഥകൾക്കും അഭിപ്രായഗതികൾക്കും എതിരായിട്ടാണ്. ഈ കാട്ടുജാതിക്കാരേയും, ക്രൂരസമ്പ്രദായങ്ങളെയും നിശ്ശേഷം നശിപ്പിച്ചു ലോകം സ്വതന്ത്രമാക്കുക ഇതാണു സഖ്യശക്തികളുടെ ലക്ഷ്യം.

# മഞ്ചൂറിയ

ജപ്പാൻെറ ആധിപത്യത്തിലുള്ള മററെല്ലാ പ്രദേശങ്ങളെക്കാളധികം ദുരിതമനുഭവിക്കുന്നതു മഞ്ചൂറിയയും, ചൈനയിൽ ജപ്പാന്നധീനമായ ഇടങ്ങളുമാണ്. ജനങ്ങളെ ചൂഷണം ചെയ്യുക, സാമാനങ്ങൾ കൊള്ളചെയ്യുക, ഇവയാണ് ഇവിടങ്ങളിൽ ജാപ്പുകളുടെ കൃത്യം. ഈ പാവപ്പെട്ട ജനങ്ങൾക്കു നാശവും കഷ്ടപ്പാടും മാത്രമെ ഇന്നു അവശേഷിച്ചു കിടപ്പുള്ളൂ.

1931 ലാണ് മഞ്ചൂറിയ ജപ്പാൻെറ ആധിപത്യത്തിൽവന്നതു്. സിദ്ധാന്തപരമായിപ്പറഞ്ഞാൽ, മഞ്ചൂറിയ ഒരു "സ്വതന്ത്ര രാഷ്ട്ര മാണ്. പ്രായോഗികമായി അതും ഭരിക്കുന്നതു് ജപ്പാൻെറ പട്ടാളവുമാണ്! മഞ്ചൂറിയയിലെ ജനങ്ങൾ എത്രത്തോളം കഷ്ടതകളും ദുരിതങ്ങളുമാണ് അനുഭവിച്ചുവരുന്നതെന്നു ഈയിടെ വെളിയിൽ വന്ന ചില റിപ്പോർട്ടുകൾ വിളിച്ചു പറയുന്നു. 'ടാകങ് പാവോ' എന്ന പത്രത്തിൽ 1944 ഫെബ്രുവരി 4-ാംനു ഒരു ചൈനീസ്ലേഖകൻ മഞ്ചൂറിയയിലെ പാവഭരണത്തിൻെറകേന്ദ്രമായ ചാങ്ചൻ എന്ന നഗരത്തിലെ ദയനീയ സ്ഥിതികളെപ്പററി ഇങ്ങിനെ വിവരിക്കുന്നു :

"ഈ നഗരത്തെ നവീകരിക്കുന്നതിന്നു ശത്രുക്കൾ ഞങ്ങളുടെ പണവും, വിയർപ്പും രക്തവും ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ വിശാലമായ വീഥികളും, മനോഹരവും സമുന്നതവുമായ മന്ദിരങ്ങളും ശത്രുക്കൾക്കു മാത്രം നിവസിക്കുന്നതിന്നുള്ളതാണ്. ചൈനക്കാക്കു യാതൊരു സൌകയ്യവുമില്ല. ചൈനക്കാർ കുടിലുകളിലും ചെററപ്പുരകളിലും പാർത്തുവരുന്നു. അവിടെയുള്ള വൃത്തികെട്ട റോഡിന്നു 'മഞ്ചു റോഡ്' എന്നാണു പേർ. ശത്രുവിൻെറ മനസ്സിൽ, ചൈനക്കാരെപററിയുള്ള താഴ്ന്ന അഭിപ്രായമാണ് ഇതു കുറിക്കുന്നതു്.

എല്ലാ സായാഹ്നങ്ങളിലും, തെരുവുകൾ വിദ്യുച്ഛക്തിയാൽ പ്രകാശിതമാവുമ്പോൾ, ജാപ്പ കുടിയന്മാർ തങ്ങളുടെ മൃഗീയസ്വഭാവവും ക്രൂരതയും പരസ്യമായി പ്രദർശിപ്പിക്കുന്നതിന്നായി മദ്യാലയങ്ങളിൽനിന്നു ഇഴഞ്ഞു പുറത്തുവരുന്നു. അവർ ഒരു ചൈനീസ് സ്ത്രീയെ കണ്ടുമുട്ടിയാൽ അവളെ ഉപദ്രവിക്കുകയും മാനഭംഗം ചെയ്യുകയും ചെയ്യും. ഈ പരിതസ്ഥിതികളിൽ മൗനം സഹിച്ചുകൊണ്ടിരിക്കുകയല്ലാതെ പാവപ്പെട്ട ചൈനക്കാക്കു യാതൊരു നിവൃത്തിയുമില്ല."

ശത്രു ഒരു 'ഭക്ഷ്യസാധനനിയന്ത്രണം' ഏപ്പെടുത്തിയിട്ടുണ്ട്. ജപ്പാൻകാർക്കെല്ലാം ഗോതമ്പും അരിയും കിട്ടും. ചൈനക്കാക്കു തവിടും, ഏറിവന്നാൽ കുറച്ചു അരിപ്പൊടിയും മാത്രമേയുള്ളൂ.

അതു 10 ദിവസത്തിൽ ഒരു പ്രാവശ്യമാണ് വിതരണം ചെയ്യുന്നതു്. സാധാരണ മനുഷ്യക്കു ആരോഗ്യം പുലർത്തുന്നതിന്നു തന്നെ പര്യാപ്തമല്ല ഈ ഭക്ഷണം. ആ റേഷൻ കാർഡു പാതിപ്പട്ടിണിക്കുള്ള ഒരു ശീട്ടുമാത്രമാണ്. എന്നുതന്നെയുള്ള ഈ ഭക്ഷണത്തിന്നുള്ള വക തന്നെ കിട്ടണമെങ്കിൽ, ഒരാൾ അർദ്ധരാത്രി തന്നെ ഉണർന്നു റേഷൻ ഷാപ്പിൽപോയി കാത്തുകെട്ടിക്കിടക്കണം. അല്ലാത്തപക്ഷം ഒടുവിൽ നിരാശനായി തിരിച്ചുവരേണ്ടിവരും. പാതിര മുതൽ പ്രഭാതം വരെ, ചിലപ്പോൾ ഉച്ചതിരിയും വരെയും റേഷൻ ഷാപ്പിൻെറ വാതില്ക്കൽ കാത്തുനിന്ന പലക്കും പലപ്പോഴും അല്പംമാത്രം ഭക്ഷ്യസാധനങ്ങളുമായി തിരിച്ചുപോകേണ്ടിവരു അത്യുഗ്രമായ വെയിലായാലും, മരംകോച്ചുന്ന മഞ്ഞായാലും, ശരവഷം മഴയായാലും, അവയൊക്കെ വിഗണിച്ചു ജീവൻകിടക്കാൻവേണ്ടി ഒരു നാഴികയിലധികനീളമുള്ള വരിയിൽ പാവങ്ങളായ ജനങ്ങൾ തങ്ങളുടെ സഞ്ചിയും കൊട്ടകളുമേന്തി കാത്തുനില്ക്കുന്നതു പരിതാപകരവും ഹൃദയസ്പൃക്കുമായ ഒരു കാഴ്ചയാണ്.

മഞ്ചൂറിയയിലെ ജനങ്ങൾ ഇങ്ങനെ പാതിപ്പട്ടിണിക്കാരായിക്കഴിഞ്ഞാൽ മാത്രം പോരാ; അവർ പട്ടാളക്കാക്കുവേണ്ട സേവനങ്ങളും അത്യദ്ധ്വാനവും ചെയ്യുന്നതിന്നു നിർബ്ബന്ധിതരുമാണ്.


1936 നു ശേഷം മഞ്ചൂറിയൻ കൃഷിക്കാക്കു താങ്ങുവാൻമേലാത്ത അത്ര കനത്ത ഭാരങ്ങൾ ചുമക്കേണ്ടതായിവന്നിരിക്കുന്നു. സൈനിക മാർഗ്ഗങ്ങൾ പണിയുവാൻ അവർ നിയോഗിതരായി. വേണ്ടത്ര ഭക്ഷണമില്ലാത്ത ഈ പാവങ്ങൾ, പ്രഭാതം മുതൽ പ്രദോഷംവരെ പുഴക്കളെപോലെ മണ്ണിലും ചളിയിലും ഇഴഞ്ഞു പണിയെടുക്കണം, 1936 ലെ അവസാന മാസങ്ങളിൽ 15,000 കിലോമീററർ ദൂരം വരുന്ന റോഡുകൾ ഇങ്ങിനെ പണിചെയ്യിക്കപ്പെട്ടു. ചില സ്ഥലങ്ങളിൽ ഒരു കുടുംബത്തിൽനിന്ന് ഒരാളെ റോഡ് പണിക്കു പോകേണ്ടതുള്ളൂ; മററു ചില പ്രദേശങ്ങളിൽ 15 മുതൽ 60 വയസ്സുവരെയുള്ള ആണുങ്ങളും പെണ്ണുങ്ങളുമൊക്കെയും പ്രവൃത്തിക്കുപോകാൻ നിർബ്ബന്ധിതരാണ്. ചെറിയ ബാലികകളും വൃദ്ധകളും ജോലിചെയ്യുന്നതിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടില്ല. പ്രതിഫലം ഒന്നും തന്നെ നല്കപ്പെടുന്നില്ല; അതു മാത്രമൊ? അവരോരോരുത്തരും റോഡ് നിർമ്മാണത്തിന്നായി സംഭാവനയും നല്കണം. ചിലപ്പോൾ ഒരു സാധാരണ മഞ്ചൂറിയൻ തൊഴിലാളിക്കു കിട്ടുന്ന കൂലിയിൽ കവിഞ്ഞ ഒരു സംഖ്യയായിരിക്കും അതു്.

മഞ്ചൂറിയായിലെ ധനകാര്യങ്ങളിൽ ജപ്പാൻകാക്കു പ്രത്യേക നിയന്ത്രണമുണ്ട്. ബാങ്കുനോട്ടുകൾ അടിച്ചു പുറത്തിറക്കുന്നതിന്നുവേണ്ടി, അച്ചടിശാലകൾ അധികനേരം ജോലിചെയ്യുവരുന്നു. അതേസമയത്തു് നോട്ടുകളിത്രയധികം പ്രചരിക്കുന്നതിനെ തടയാനുള്ള നടപടികളും എടുത്തുവരുന്നു! ടോക്കിയോ റേഡിയൊ ഒരിക്കൽ ഇങ്ങിനെ പ്രസ്താവിച്ചു: "കറൻസി അസ്വാഭാവികമായ രീതിയിൽ പ്രചരിക്കുന്നതും നാണയവില സുസ്ഥിരപ്പെടുത്തുന്നതിന്നും വേണ്ട സർവ്വ നടപടികളും ഗവൺമെണ്ടു ചെയ്യുവരുന്നുണ്ടു്" എന്ന്! അതായതു, ഭൂമിമേലും, സാമാനത്തിന്മേലും കരം വർദ്ധിപ്പിച്ചിരിക്കുന്നു; ജപ്പാൻകാർ നൽകുന്ന പട്ടാളസംരക്ഷണത്തിന്നുവേണ്ട സംഭാവനകൾ സർവ്വത്ര പിരിച്ചുവരുന്നു: മഞ്ചൂറിയയിലെ സാമഗ്രികളും സമ്പൽസമൃദ്ധികളും കൊള്ള ചെയ്യാനും പിടിച്ചുപറിക്കാനും ഉള്ള എല്ലാ മാർഗ്ഗങ്ങളും ജപ്പാൻ അവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

ഇതാണ് "സ്വതന്ത്ര" മഞ്ചൂറിയയിലെ ഇന്നത്തെ നില. മഞ്ചൂറിയയിലും ഒരു പാവ ഭരണം നടപ്പിലാക്കിയിട്ടുണ്ടു്; അവിടേയും ഒരു ചക്രവർത്തിയുണ്ടു്! മഞ്ചൂറിയൻ ജനതയുടെ രക്തം പിഴിഞ്ഞെടുത്തു ജാപ്പ യുദ്ധമേധാവികൾക്കു കാഴ്ചവെക്കുന്ന ഒരു വഞ്ചകൻ. പക്ഷെ ഈ കപിസംഘങ്ങളുമായുടെ കാലം കഴിയാറായി. ജപ്പാൻെറ പരാജയം ഇന്നല്ലെങ്കിൽ നാളെ തീർച്ചയാണ്. ആ പരാജയത്തിന്നു ശേഷം മഞ്ചൂറിയയിലും സ്വതന്ത്രമായ അന്തരീക്ഷം നിർമ്മിക്കപ്പെടും.

---

# പട്ടാളത്തിൻെറ ഒരു ദത്തുപുത്രൻ



അബ്ദുള്ള ഇന്നു് ബ്രിട്ടീഷ് വെസ്റ്റ്കൺട്രി റജിമെൻറിലെ സൂക്ഷ്മഗ്രാഹിയും, ഏററവും ചുറുചുറുക്കുള്ള ഒരു കുട്ടിയുമാണ്.

എന്നാൽ, ഒരു കൊല്ലം മുമ്പെടുത്ത അബ്ദുള്ളയുടെ ഫോട്ടോ കണ്ടാൽ നിങ്ങൾക്കു ദയനീയത തോന്നും. ഇന്നു കാണുമ്പോൾ, "എട കൊച്ചു മിടുക്കാ!" എന്നാണ് നിങ്ങൾക്കു തോന്നുന്നതു്. പക്ഷെ അന്നു് ചിററഗോങ്ങിലെ, സേനാത്താവളങ്ങൾക്കരികിൽ അങ്ങുമിങ്ങും തെണ്ടിപ്പെറുക്കി നടന്നിരുന്ന ഈ പരവശനും, പട്ടിണിപ്പാവവുമായ പയ്യനെ ഈ നിലയിൽ കാണപ്പെട്ടുമെന്നു നിങ്ങളിൽ പലരും വിചാരിച്ചിരിക്കയില്ല.

ബ്രിട്ടീഷ് സേനാവിഭാഗത്തിലെ ക്വാർട്ടർ മാസ്റ്റേർസ്സ്റ്റാഫ് ഇവനെ ദത്തെടുത്തു; ആഴ്ചയിൽ 3 ക. അവനു് മററു ചെലവുകൾക്കായി നല്കി; അവസാനം സ്കൂളിലേക്കു പറഞ്ഞയച്ചു. പട്ടിണിപ്പാവമായ അബ്ദുള്ള ഇന്നു് ആത്മവിശ്വാസത്തോടെ ഒരു ശോഭനമായ ഭാവിയിലേക്കു കാലൂന്നിനില്ക്കുന്ന ഒരു കുട്ടിയാണ്.



പൌരസ്ത്യരംഗത്തിലെ നാവികസേനയിൽപെട്ട ഒരു ബ്രിട്ടീഷ് വിമാനവാഹിനിക്കപ്പൽ



സഖ്യസേനകൾ ജർമ്മനിയിൽ പ്രവേശിക്കുന്നു—ഒരമേരിക്കൻ ടാങ്ക് ശത്രുനിരോധങ്ങളെ
ഭേദിച്ചു മുന്നോട്ടു കയറുന്നു

## ഏകാങ്കനാടകം

# സമരകവി

[രാ. ഭാ. വിശാരദ്ദ്, പി. വി. രാമവാരിയർ]

(തുടർച്ച)

ഹേപൻ: ഇവരെ എവിടെനിന്ന കിട്ടി?

ജാപ്പ് പട്ടാളക്കാർ: ഞങ്ങൾ ഗ്രാമങ്ങളിൽ ഓരോ വീടും കയറിച്ചെന്ന് പരിശോധിക്കുകയായിരുന്നു. അങ്ങിനെ ഒരു ചെറിയ വീട്ടിൽ ചെന്നപ്പോൾ കിട്ടിയതാണ്.

ഹേപൻ: ചോദിയ്ക്കൂ, ഇവർ എത്രാം നമ്പർ പ്ലാറ്റൂണിൽ പെട്ടതാണ്.

ജാ-പട്ട: കേട്ടില്ലെ, ക്യാപ്ടൻ സർ ചോദിച്ചതു്? പറയൂ, നിങ്ങളുടെ കമ്പനിയുടെ നമ്പർ.

[രണ്ടുപേരും മിണ്ടാതെ നില്ക്കുന്നു.]

ജാ-പട്ട: ചോദ്യം ആവർത്തിക്കുന്നു.

[അവർ വീണ്ടും മൌനം ദീക്ഷിക്കുന്നു.]

ഹേപൻ: (എഴുന്നേററ് അവരുടെ അടുക്കെ ചെന്നു ദേഷ്യസ്വരത്തിൽ) എനിയ്ക്കു ഒട്ടും ദയവില്ല, ക്ഷമയില്ല, വേഗം പറയൂ. നിങ്ങളുടെ കമ്പനി നമ്പർ എത്ര? നിങ്ങളുടെ കൂട്ടുകാരെല്ലാം എവിടെ? ഗ്രാമവാസികൾ എവിടെപോയി? നിങ്ങളുടെ കമാണ്ടരുടെ പേരെന്തു? നിങ്ങളുടെ Pay-book എടുക്കു. ഉം, വേഗം, ഇല്ലെങ്കിൽ എന്റെ വേഷം മാറും. ഉം. (ക്യാപ്ററന്റെ സ്വരപ്പകച്ച് കണ്ടു് അടുത്തു കിടക്കുന്ന കിഴവിയുടെ മനസ്സിൽ പലേ ആശങ്കകളും ഉദിക്കുവാൻ തുടങ്ങി.)

രണ്ടു ഭടന്മാരും: നിങ്ങൾക്കു ദയവില്ലെന്നും, ക്ഷമയില്ലെന്നും ഞങ്ങൾക്കു മുമ്പുതന്നെ അറിയാം. പിന്നെ നിങ്ങളുടെ ചോദ്യങ്ങൾക്കൊന്നും ഞങ്ങൾ മറുപടി തരുവാൻ ഒരുക്കവും ഇല്ല.

ഹേപൻ: ഒരുക്കമില്ല അല്ലെ, കൊള്ളാം, നല്ലതു്. (സ്വന്തം പട്ടാളക്കാരോടു ഉം, ഇവരെക്കൊണ്ടു് മറുപടി പറയിയ്ക്കൂ.)

[ഇതു കേട്ടഉടനെ ജാപ്പ് പട്ടാളക്കാർ അവരെ ഇടിക്കുവാനും, അടിക്കുവാനും തുടങ്ങുന്നു. അടികൊണ്ടു് അവർ താഴെ വീഴുന്നു. കിഴവി ഈ ഭയങ്കരരംഗം കണ്ടു് സഹിക്കവയ്യാതെ "അയ്യോ" എന്നു കണ്ണു പൊത്തുന്നു.]

ഭടന്മാർ: (ദൃഢസ്വരത്തിൽ) ഇല്ല, ഞങ്ങൾ ഒരിക്കലും പറയുകയില്ല.

ഹേപൻ: അടുത്തു ചെന്നു് (ഏററവും ഉച്ചസ്വരത്തിൽ കോപത്തോടെ) നിങ്ങൾ ഒരിയ്ക്കലും പറയുകയില്ല, അല്ലെ (ബൂട്ട്സിട്ട കാലുകൊണ്ടു ചവിട്ടുന്നു.) പറയുവിൻ! വേഗം നിങ്ങളുടെ കമ്പിനി നമ്പർ, ആ കമ്പിനി ഇപ്പോൾ എവിടെ താമസിക്കുന്നു?

ഭടന്മാർ: [നിർവ്വേദന സ്വരത്തിൽ] ഇല്ല. ഞങ്ങൾക്കു അറിവില്ല.

ഹേപൻ: അറിവില്ല (ചവിട്ടുന്നു, കയ്യിലുള്ള ചൂരൽവടികൊണ്ടു അടിക്കുന്നു. ഭടന്മാർ നിലവിളിക്കുന്നു. കിഴവി തല പൊന്തിച്ചു നോക്കുന്നു. വീണ്ടും അസ്വസ്ഥതയോടെ മുഖം പൊത്തിക്കിടക്കുന്നു.)

ഹേപൻ: (സ്വന്തം ഭടന്മാരോടു) നല്ലതു്, ഇവരെ കൊണ്ടുപോയി കഥകഴിച്ചേയ്ക്കൂ.

[ജാപ്പ് പട്ടാളക്കാർ ഭടന്മാരെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു. ക്യാപ്ററൻ വീണ്ടും ഒരു സിഗാററ് എടുത്തുവലിച്ചു വിശ്രമിക്കുന്നു. കവിയും രണ്ടു കൃഷിക്കാർ വില്ലുംമററുമായ് സ്റ്റേജിന്റെ ഇരുപുറങ്ങളിൽ കൂടേയും പ്രവേശിച്ചു പതുങ്ങി നില്ക്കുന്നു. പെട്ടെന്നു ക്യാപ്ററനെ ലക്ഷ്യം വെച്ചു് കവി തോക്ക് നീട്ടി വെടിവെയ്ക്കുന്നു. ക്യാപ്ററൻ അയ്യോ എന്ന നിലവിളിയോടെ താഴെ വീഴുന്നു. കൃഷിക്കാർ ഓടിച്ചെന്നു് ക്യാപ്ററനെ കടന്നു പിടിച്ചു കെട്ടുന്നു.

കവി: എട, ദുഷ്ടാ, പറയ് നിന്റെ കൂടെയുള്ളവർ എവിടെ. (തോക്കു മുഖത്തേയ്ക്കു നീട്ടുന്നു. ക്യാപ്ററൻ മരണഭയത്തോടെ "ഇതിലെ പോയി" എന്നു ചൂണ്ടിക്കാണിച്ചു പറയുന്നു.)

കവി: (കൃഷിക്കാരോടു) ഇവനെ നമ്മുടെ താവളത്തിലേയ്ക്കു കൊണ്ടുവരൂ. ഞാൻ ഇപ്പോൾ വരാം. (പോകുന്നു, കൃഷിക്കാർ ക്യാപ്ററനെ വലിച്ചിഴച്ചു കൊണ്ടുപോകുന്നു.)

(കർട്ടൻ)

### രംഗം VI

[സ്ഥലം: കിഴവിയുടെ കുടിൽ: സമയം രാവിലെ എട്ടുമണി. കിഴവി മുററത്തിരുന്നു വെയിൽ കൊള്ളുന്നു. കവിയും ആദ്യരംഗത്തിലെ രണ്ടു കൃഷിക്കാരും പ്രവേശിക്കുന്നു.]

കവി: ദാദീ, സൌഖ്യംതന്നെയല്ലെ?

കിഴവി: ഇതാര്, നമ്മുടെ കുഞ്ഞോ, വരൂ വരൂ. സൌഖ്യംതന്നെ. എന്നാൽ, അന്ന് ഞാൻ വല്ലാതെ പരിഭ്രമിച്ചു. എന്നാൽ, അറുപത് തികഞ്ഞ ഈ മുതുക്കിയ്ക്കു എന്തു ചെയ്യുവാൻ സാധിയ്ക്കും?

കവി: ദാദീ, ദാദിയ്ക്കു ചെയ്യുവാൻ സാധിക്കാത്തതിൽ കൂടുതൽ ചെയ്തുതന്നു. ആ ഭടന്മാർ പറയുകയാണ്, ദാദീ അവരെ സ്വന്തം മക്കളെപ്പോലെ നോക്കിയിരുന്നു എന്ന്.

ദാദി: അയ്യോ! പാവങ്ങൾ, കൊച്ചുകുഞ്ഞുങ്ങൾ (കരഞ്ഞുകൊണ്ടു്) അവക്ക് അപകടമൊന്നും പററിയില്ലല്ലോ?

കവി: ഈശ്വരകാരുണ്യംകൊണ്ട് ഒന്നും പററിയില്ല. പററുമായിരുന്നു. അവരെ എങ്ങോട്ടോ കൊണ്ടുപോവുകയായിരുന്നു. പക്ഷെ, വഴിയ്ക്കുവെച്ചു ഞങ്ങൾ കണ്ടുമുട്ടി. ആ രണ്ടു ജാപ്പ് പട്ടാളക്കാരുടെ കഥയും കഴിച്ചു. അവരെ ഇപ്പോൾ ഞങ്ങളുടെ വലിയ ആശുപത്രിയിൽ കിടത്തി ചികിത്സിച്ചു വരികയാണ്. അവരുടെ രോഗമെല്ലാം സുഖപ്പെട്ടു വരുന്നു. മുറികളെല്ലാം ഉണങ്ങി.

കിഴവി: നന്നായിവരട്ടെ, എൻ കുഞ്ഞിന്ന്. എനിയ്ക്കു അവരെയൊന്നു കാണണം.

കവി: അതിനെന്താ പ്രയാസം? ഇനി ഇപ്പോൾ നമുക്കു വ്യസനിക്കാനൊന്നും ഇല്ല.

കിഴവി: അതെന്താ!

കവിജി: ഈ പ്രദേശത്തുനിന്ന് ജാപ്പാൻകാരെ എല്ലാം പാടെ ഓടിച്ചുകളഞ്ഞു. [കൃഷിക്കാരെ ചൂണ്ടിയിട്ടു] ഇവരും ഞങ്ങളെ വളരെ സഹായിച്ചിട്ടുണ്ടു്.

കൃഷിക്കാർ: അയ്യോ, ഞങ്ങൾ എന്തു സഹായം ചെയ്തു? ഞങ്ങളുടെ രാജ്യത്തിന്ന് നേരിടാൻ പോകുന്ന ആപത്തിൽ ഞങ്ങളുടെ ധർമ്മം നിർവ്വഹിച്ചു എന്നു മാത്രം. യുദ്ധം ചെയ്തതും ത്യാഗങ്ങൾ അനുഭവിച്ചതും എല്ലാം നിങ്ങളെപോലുള്ള ധീരോദാത്തന്മാരായ സഖ്യസേനയിലെ ഭടന്മാർ. ഞങ്ങൾ വെറും പാവങ്ങളായ കൃഷിക്കാർ. ഞങ്ങൾക്കു നേരിട്ട ആപത്തിനെ നിങ്ങൾ ആട്ടി അകററി. അതിന്നു ഞങ്ങൾ എന്നും നിങ്ങളോടു നന്ദിയുള്ളവരാണ്.

കിഴവി: അതേ കുഞ്ഞേ, അവർ പറയുന്നതു ശരിയാണ്.

കവി: യുദ്ധം ചെയ്തതു് ഞങ്ങൾതന്നെ എന്നു സമ്മതിക്കുന്നു. എന്നാലും നാട്ടുകാരുടെ സഹായമില്ലാതെ ഞങ്ങൾക്കു ആ യുദ്ധത്തിൽ ജയിക്കുവാൻ സാദ്ധ്യമല്ല. എത്രതന്നെ സാധനസാമഗ്രികൾ ഉണ്ടായാലും നാട്ടുകാരുടെ സഹായമാണ് വലിയ ആയുധം. ആ ആയുധം ഞങ്ങൾക്കു ലഭിക്കുകയും ചെയ്തു. പിന്നെ ദാദി, ഞങ്ങൾ പോയിവരട്ടെ. പിന്നെ കാണാം.

കിഴവി: ശരി [എല്ലാവരും പോകുന്നു.]

(കർട്ടൻ—സമാപ്തം)

## പട്ടാളക്കാരുടെ കുടുംബങ്ങൾക്കും കുട്ടികൾക്കും

### പരിക്ഷാ ഫീസ് ഇളച്ചു കൊടുക്കുന്നു

ഒക്ടോബറിലെ ഒരു ഗവർമ്മേണ്ടു ഉത്തരവുപ്രകാരം, സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടാളക്കാരുടെ കുട്ടികൾക്കും കുടുംബങ്ങൾക്കും, ഗവർമ്മേണ്ടു അധികാരത്തിലുള്ള, വിദ്യാലയങ്ങളിൽനിന്നു ഫീസ് ഒഴിവാക്കിയിരിക്കുന്നു. വിദ്യാലയസ്ഥാപനങ്ങളിൽ ഈടാക്കുന്ന പ്രത്യേക ഫീസും സ്കൂളുകളിലും കോളേജുകളിലും ട്യൂഷൻ ഫീസും അവർ കൊടുക്കേണ്ടിവരുന്നതല്ല.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.